ഹരിത കർമ്മസേന അംഗങ്ങൾക്കുള്ള പരിശീലനം

പരിശീലന മൊഡ്യൂൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ- 680581
https://www. kila. ac. in

ഏപ്രിൽ 2023

ഹരിത കർമ്മസേന അംഗങ്ങൾക്കുള്ള പരിശീലനം
പരിശീലന മൊഡ്യൂൾ

കോഴ്സ് ഡയറക്ടർ
ഡോ. രാജേഷ് കെ സീനിയർ അർബൺ ഫെല്ലോ, കില

കോഴ്സ് കോർഡിനേറ്റർ
ശ്രീമതി. റിമ ജോസ് സീനിയർ പ്രോഗ്രാം കോർഡിനേറ്റർ, കില

സഹായിച്ചവർ
ശ്രീ. ശ്രീകാന്ത് എ എസ് സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ
ശ്രീമതി. ജോസന ജോസ് കുടുംബശ്രീ മിഷൻ
ശ്രീ. ജയകുമാർ സി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പട്ടാമ്പി മുനിസിപ്പാലിറ്റി
ശ്രീ. ജയ് സോമനാഥ് IRTC റീജിയണൽ കോർഡിനേറ്റർ
ശ്രീ. സിബി അഗസ്റ്റിൽ റിസോഴ്സ് പേർസൺ, കില
ശ്രീ. സജീവ് ലാൽ ടി ഡി റിസോഴ്സ് പേഴ്സൺ, കില
ശ്രീ. രജിനേഷ് രാജൻ പ്രോഗ്രാം ഓഫീസർ, സുചിത്വ മിഷൻ
ശ്രീ. ജയൻ ചമ്പക്കുളം IRTC സ്റ്റേറ്റ് കോർഡിനേറ്റർ
ശ്രീ. സി പി സുരേഷ് ബാബു ഹെൽത്ത് സൂപ്പർവൈസർ (Rtd)
ഡോ. ദാമോദരൻ IRTC
ശ്രീ. സൈഫുദ്ധീൻ ടി എസ് പ്രോഗ്രാം കോർഡിനേറ്റർ
ശ്രീ. കാർത്തികേയൻ ഹെൽത്ത് ഇൻസ്പെക്ടർ (Rtd)
ശ്രീ. ചന്ദ്രൻ കെ കെ ഹെൽത്ത് സൂപ്പർവൈസർ (Rtd)

ലേഔട്ട് & കവർ
ശ്രീ. അഭിരാം കെ.ടി.കെ

പ്രസാധനം
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ - 680581 ഫോൺ : +914872207000, 2200244, 2207087 (ഓഫീസ്)
ഇമെയിൽ : info@kila. ac. in വെബ്സൈറ്റ് : www.kila.ac.in

ഏപ്രിൽ 2022

ഉള്ളടക്കം

1. പരിശീലന ആമുഖം .....
2 കാര്യപരിപാടി .....
3 സെഷൻ പ്ലാനുകൾ .....
4 റിസോഴ്സ് ടീം .....

1. ആമുഖം

കേരളത്തിന്റെ ഹരിത സമൃദ്ധി നിലനിർത്തിക്കൊണ്ട് മണ്ണിനെയും ജലത്തെയും മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തികൊണ്ടുള്ള ഹരിതകരളം മിഷനും പ്രസ്തുത മിഷന്റെ ഉപദൗത്യങ്ങളായ ജൈവകൃഷി, ജലസംരക്ഷണം, ശുചിത്വ - മാലിന്യസംസ്കരണം എന്നിവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയമെന്ന നിലയിൽ മാലിന്യ സംസ്കരണത്തിന് പ്രധാന ഊന്നൽ നൽകി നടപ്പിലാക്കി വരികയാണല്ലോ. എന്നിരുന്നാലും ബ്രഹ്മപുരം തീപിടുത്തം പോലെയുള്ള സമീപകാല സംഭവങ്ങളുടെ വെളിച്ചത്തിൽ പഴുതടച്ചുള്ള മാലിന്യ പരിപാലന ഇടപെടലുകൾ നടപ്പിലാക്കുവാൻ നാം പ്രതിജ്ഞാബദ്ധരായിരിക്കുകയാണ്. ശുചിത്വ-മാലിന്യ ഇടപെടലുകളുടെ നടത്തിപ്പിൽ പ്രധാനപങ്ക് വഹിക്കുന്നവരാണ് ഹരിത കർമ്മസേനാംഗങ്ങൾ. ആയതിനാൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജനങ്ങളുമായി നേരിട്ടിടപെട്ട് പ്രവർത്തിക്കുന്നവർ എന്നനിലയിൽ മാലിന്യ സംസ്കരണം, ആയതിന്റെ ഉപാധികൾ സ്ഥാപിക്കൽ, അവയുടെ പരിചരണം, തകരാറുകൾ പരിഹരിക്കൽ, അജൈവ പാഴ് വസ്തുക്കളുടെ തരം തിരിവും ശേഖരണവും സംഭരണവും, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ നടത്തിപ്പും ഉൾപ്പടെയുള്ള വിഷയങ്ങളിൽ ശാസ്ത്രീയവും സാങ്കേതികവുമായ അറിവും ശേഷിയും പകർന്നു നൽകി കർമ്മശഷി മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഹരിത കർമ്മസേനാംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനു തീരുമാനിച്ചിട്ടുള്ളത്. ഇത്തരത്തിൽ കേരളീയസമൂഹത്തിന്റെ ശുചിത്വ ഇടപെടലുകളുടെ പ്രാദേശിക റിസോഴ്സ് പേഴ്സൻമാരായും കൂടുതൽ കർമ്മശേഷിയുള്ള പ്രവർത്തകരായും മാറുന്നതിന് ഹരിതകർമ്മസേനയെ പര്യാപ്തരാക്കുന്നതിനാണ് ഈ പരിശീലനം.

സമീപകാലത്തുണ്ടായ ബ്രഹ്മപുരം തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് സ.ഉ.(സാധാ) നം.619/2023/LSGD തീയതി, തിരുവനന്തപുരം, 15-03-2023 പ്രകാരം മാലിന്യമുക്തം നവകേരളം ഉറപ്പാക്കുന്നതിന് കൃത്യമായ സമയക്രമത്തോടെ സർക്കാർ കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുകയാണല്ലോ. മാലിന്യം ഉറവിടത്തിൽ പരിപാലിക്കൽ, ഉറവിടത്തിൽതന്നെ വേർതിരിക്കൽ, പൊതുസ്ഥലങ്ങളും ജലാശയങ്ങളും വൃത്തിയായി സൂക്ഷിക്കൽ എന്നിവയുമായി ബന്ധപ്പെട്ടു ചുമതലയുള്ള ഓരോരുത്തരുടെയും ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഒരുകർമ്മ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. അതിൻപ്രകാരം ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ

അടിയന്തിര ഇടപെടൽ, ഹ്രസ്വകാല ഇടപെടൽ, ദീർഘകാല ഇടപെടൽ എന്ന രീതിയിൽ തരംതിരിച്ച് ചുവടെ പറയുന്ന ലക്ഷ്യങ്ങൾ സമയബന്ധിതമായി ഉടൻ കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന് ഒരു സമയക്രമവും നിശ്ചയിച്ചിക്കുകയും ഈ ക്യാമ്പയിൻ പ്രകാരം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ഒരു സാമൂഹിക വിലയിരുത്തൽ വിധേയമാക്കി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടതുമുണ്ട്.

- 100% ജൈവഅജൈവ മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ തരം തിരിക്കൽ
- 100% അജൈവ മാലിന്യവും പൂർണ്ണമായും വാതിൽപ്പടി ശേഖരണം
- 100%ജൈവമാലിന്യങ്ങൾ പൂർണ്ണമായുംഉറവിടത്തിൽ ശാസ്ത്രീയമായി സംസ്കരിക്കൽ
- മാലിന്യക്കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടം സൃഷ്ടിക്കൽ
- എല്ലാ ജലാശയങ്ങളിലെയും ഖരമാലിന്യം നീക്കം ചെയ്തു നീരൊഴുക്ക് ഉറപ്പാക്കൽ

ഇതിനായി ശുചിത്വ സ്കൂളുകളുടെ രൂപീകരണം, ഗൃഹ/സ്ഥാപന സന്ദർശനങ്ങൾ, ഉറവിട മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത കുടുംബങ്ങളെ കണ്ടെത്തൽ, വാതിൽപ്പടി ശേഖരണം നടക്കാത്ത വീടുകൾ/സ്ഥാപനങ്ങൾ കണ്ടെത്തൽ, മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ സമ്പൂർണ്ണമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനു ഇടപെടുവാൻ കഴിയുംവിധം ഹരിതകർമ്മ സേനയെ പരിശീലിപ്പിച്ച് ശാക്തീകരിച്ചു റിസോഴ്സ് പേഴ്സണമാരായി വിന്യസിക്കേണ്ടത് അനിവാര്യമാണ്.

I. ഉദ്ദേശ ലക്ഷ്യങ്ങൾ -ഹരിത കർമ്മസേന- പരിശീലനം

ഹരിത കേരളം മിഷന്റെ ഉപമിഷനായ ശുചിത്വ-മാലിന്യ സംസ്കരണഉപദൗത്യത്തിന്റെ നടത്തിപ്പിൽ സുപ്രധാന പങ്കുവഹിക്കേണ്ട വിഭാഗമെന്ന നിലയിൽ ഹരിതകർമ്മസേന, വീടുകൾ, സ്ഥാപനങ്ങൾ, പൊതുഇടങ്ങൾ തുടങ്ങിയവയിൽ നിന്നും ശേഖരിക്കുന്ന അജൈവ വസ്തുക്കൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം. സി. എഫ്), മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (ആർ. ആർ. എഫ്) എന്നിവിടങ്ങളിൽ എത്തിച്ച് പരിപാലനം നടത്തുക, വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് ജൈവ മാലിന്യ സംസ്കരണ ഉപാധികൾ പരിപാലിക്കുക, ജൈവവളം ഉപയോഗിച്ച്പച്ചക്കറി കൃഷി ചെയ്യുന്നതിന് വേണ്ട സഹായങ്ങൾ വീട്ടുടമസ്ഥർക്ക് നൽകുക. പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുക. ആയതിലേക്ക് ജൈവ-അജൈവ മാലിന്യങ്ങൾ എത്തിക്കുക, പ്രാദേശിക റിസോഴ്സ് പേഴ്സന്മാരായി പ്രവർത്തിക്കുക എന്നിവയാണ് ഹരിത കർമ്മസേന ഏറ്റെടുക്കേവരുന്ന പ്രവർത്തനങ്ങൾ. പ്രസ്തുത പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ചുവടെപ്പറയുന്ന വിഷയമേഖലകളിൽ ഹരിത കർമ്മസേനയുടെ ശേഷി വർദ്ധിപ്പിക്കുന്നതായിട്ടാണ് ഈ പരിശീലനം.

1. അജൈവ മാലിന്യങ്ങളുടെ ശേഖരണം, തരംതിരിക്കൽ ഷ്രെഡ്ഡിംഗ്, ബെയിലിങ്ങ്, കടത്തൽ, എം. ആർ. എഫ്/എം. സി. എഫ് പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ അടിസ്ഥാനജ്ഞാനവും പ്രവൃത്തി പരിചയവുംഉണ്ടാക്കിയെടുക്കുക.
2. ജൈവമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ, പരിപാലനം, കമ്പോസ്റ്റിംഗ്, ബയോമെത്തനേഷൻ തുടങ്ങിയ സാങ്കേതിക വിദ്യകളുടെയുംഉപാധികളുടെയും അടിസ്ഥാന ശാസ്ത്രം, പരിപാലന പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക്ശേഷീവികസനം ഉറപ്പാക്കുക.
3. ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ഗ്രീൻ ഇവൻറുകൾ നടത്തുന്നതിനും അതിലൂടെ വരുമാനംസൃഷ്ടിക്കുന്നതിനും ആവശ്യമായ ശേഷി വികസിപ്പിക്കുക.
4. മാലിന്യ സംസ്കരണം വിവിധ മാതൃകയിൽ പ്രൊഫഷണലായി നടത്തുന്നതിന് ഹരിത കർമ്മസേനയെ സജ്ജീകരിക്കൽ.

5. സംരംഭക അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നിനാവശ്യമായ ശേഷിവികസിപ്പിക്കുക.

II. പരിശീലന രീതി

പവർപോയിന്റ് സ്ലൈഡുകളുടെ സഹായത്തോടെയുള്ള അവതരണം, വീഡിയോ അവതരണം, ഗ്രൂപ്പ് ചർച്ചകൾ, ഗ്രൂപ്പ് അവതരണങ്ങൾ എന്നിവയാണ് പരിശീലന രീതികൾ. കിലയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മാസ്റ്റർ ട്രയിനേഴ്സ് ടീം തയ്യാറാക്കിയിട്ടുള്ള പരിശീല മോഡ്യൂൾ അടിസ്ഥാനപ്പെടുത്തിയുള്ള പരിശീലനം, ഹരിതകേരളംമിഷൻ, ശുചിത്വ മിഷൻ, ഫാക്കൽറ്റികളും, കില റിസോഴ്സ് പേഴ്സൻമാരുമടങ്ങുന്ന ടീമിനുള്ള ട്രെയിനേഴ്സ് ട്രെയിനിംഗ്. തുടർന്ന് ട്രെയിനേഴ്സ് ട്രെയിനിംഗിൽ പങ്കെടുത്ത റിസോഴ്സ് പേഴ്സൻമാർ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഹരിതകർമ്മസേനക്കുള്ള പരിശീലനം നൽകുന്നു.

III. പരിശീലന വിഷയങ്ങൾ

സെഷൻ	വിഷയം
1	കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾ വ്യാപ്തിയും പരിഹാര ഇടപെടലുകളും
2	ഹരിതകർമ്മ സേന പ്രസക്തിയും പ്രവർത്തന രീതിയും
3	ഹരിതകർമ്മ സേന നേരിടുന്ന പ്രശ്നങ്ങൾ, മാതൃക പ്രവർത്തനം എന്നിവ
4	മാലിന്യശേഖരണവും പരിപാലനവും-നിയമവും (ഹരിതനിയമങ്ങൾ)
5	ആരോഗ്യ പരിരക്ഷ മുൻകരുതലുകളും അപായ സാധ്യതകളും
6	അജൈവ മാലിന്യങ്ങൾ –ശേഖരണവും-തരംതിരിക്കലും
7	സംരംഭകമെന്ന ആശയവും ഹരിതകർമ്മ സേനയുടെ സാധ്യതകളും
8	അജൈവ മാലിന്യം- സംഭരണവും വിപണനവും ;MCF, MRF, MCF
9	ജൈവ മാലിന്യം-സംസ്കരണ രീതികൾ
10	ഫീൽഡ് സന്ദർശനം –പ്രവർത്തനങ്ങൾ മനസിലാക്കൽ
11	ഹരിതകർമ്മസേനനടത്തിപ്പും കണക്കുകളുടെ സൂക്ഷിപ്പും
12	സംരംഭകമെന്ന ആശയവും ഹരിതകർമ്മ സേനയുടെ സാധ്യതകളും
13	ഹരിതമിത്രം ആപ്പും വിവരശേഖരണ ആപ്പുകളും
14	മാലിന്യമുക്ത നവകേരളക്യാമ്പയിനും ഹരിതകർമ്മ സേനയുടെ പങ്കും
15	ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണം

IV. പരിശീലന നേതൃത്വം/ചുമതല

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ട്രെയിനേഴ്സ് ട്രെയിനിംഗിൽ പങ്കെടുത്ത റിസോഴ്സ് പേഴ്സൻമാർ ഹരിതകർമ്മസേനക്കുള്ള പരിശീലന കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നു.

V. പരിശീലന ദൈർഘ്യം

മൂന്ന്ദിവസത്തേക്കാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

VI. വിലയിരുത്തൽ

പരിശീലന വിലയിരുത്തലിനായി ഗൂഗിൾ ഫോം തയ്യാറാക്കി ലിങ്ക് ഷെയർ ചെയ്യുന്നതാണ്.

ഹരിത കർമ്മസേന അംഗങ്ങൾക്കുള്ള പരിശീലനം

കോഴ്സ് ഡയറക്ടർ	ഡോ. രാജേഷ് കെ *സീനിയർ അർബൺ ഫെല്ലോ, കില*
കോഴ്സ് കോർഡിനേറ്റർ	ശ്രീമതി. റിമ ജോസ് *സീനിയർ പ്രോഗ്രാം കോർഡിനേറ്റർ, കില*

കാര്യപരിപാടി			
സമയം	**സെഷൻ**	**വിഷയം**	**ഫാക്കൽറ്റി**
9.00-10.00	രജിസ്ട്രേഷൻ		
ഒന്നാം ദിവസം			
10.00-10.30	പരിശീലന ലക്ഷ്യം- ആമുഖം		
10.30 -10.45	മഞ്ഞുരുക്കൽ		
10.45-11.15	കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾ വ്യാപ്തിയും പരിഹാര ഇടപെടലുകളും	PPT അവതരണം-1	
11.15-11.30	ചായ		
11.30-12.15	ഹരിതകർമ്മ സേന പ്രസക്തിയും പ്രവർത്തന രീതിയും	PPT അവതരണം-2	
12.15-1.00	ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ-നേരിടുന്ന പ്രശ്നങ്ങൾ	ഗ്രൂപ്പ് ചർച്ച	
1.00-2.00	ഉച്ചഭക്ഷണം		
02.00-02.30	ഗ്രൂപ്പ് ചർച്ച –അവതരണം, ക്രോഡീകരണം		
02.30-02.45	ഹരിതകർമ്മ സേന -മാതൃക പ്രവർത്തനം	വീഡിയോ അവതരണം	

02.45.03.30	മാലിന്യശേഖരണവും പരിപാലനവുംനിയമങ്ങളും	PPT അവതരണം-3	
03.30-03.45	ചായ		
03.45-4.30	ആരോഗ്യ പരിരക്ഷ മുൻകരുതലുകളും അപായ സാധ്യതകളും	PPT അവതരണം-4	
04.30-05.00	ആരോഗ്യ പരിരക്ഷ മുൻകരുതലുകളും അപായ സാധ്യതകളും	ഗ്രൂപ്പ് ചർച്ച അവതരണം	
രണ്ടാം ദിവസം			
10.00-10.15	റിഫ്ലക്ഷൻ		
10.15-11.00	അജൈവ മാലിന്യം –ശേഖരണവും-തരംതിരിക്കലുംനീക്കവും സംഭരണവും	PPT അവതരണം- 6,	
11.00-11.15	സംശയനിവാരണം		
11.15-11.30	ചായ		
11.30-11.45	അജൈവ മാലിന്യം –ശേഖരണവും-തരംതിരിക്കലും നീക്കവും സംഭരണവും;MCF, MRF, RRF	PPT അവതരണം -7,	
11.45-12.15	ജൈവ മാലിന്യം-സംസ്കരണം, സാങ്കേതിക വിദ്യകൾ	PPT അവതരണം- 8,	
12.15-1.00	ജൈവ മാലിന്യം-സംസ്കരണം, സാങ്കേതിക വിദ്യകൾ	ഗ്രൂപ്പ് ചർച്ച–അവതരണം,	
1.00-2.00	ഉച്ചഭക്ഷണം		
02.00-05.00	ഫീൽഡ് സന്ദർശനം-MCF, MRF, RRF, ജൈവമാലിന്യ സംസ്കരണ സംവിധാനം കാണൽ		
മൂന്നാം ദിവസം			
10.00-10.45	ഫീൽഡ് സന്ദർശനം പ്രതികരണങ്ങൾ		
10.45-11.15	ഹരിതകർമ്മസേനനടത്തിപ്പും കണക്കുകളുടെ സൂക്ഷിപ്പും	PPTഅവതരണം- 9	
11.15-11.30	ചായ		
11.30-12.00	ഹരിതകർമ്മസേനനടത്തിപ്പും കണക്കുകളുടെ സൂക്ഷിപ്പും	PPT അവതരണം-9	

12.00-01.00	സംരംഭകമെന്ന ആശയവും ഹരിതകർമ്മ സേനയുടെ സാധ്യതകളും -വിപണനം -പുനരുപയോഗം-അപ്സ്കേലിംഗ്	PPT അവതരണം-5	
01.00-02.00	ഉച്ചഭക്ഷണം		
02.00-02.45	ഹരിതമിത്ര ആപ്പും വിവരശേഖരണ ആപ്പും	PPT അവതരണം-10	
02.45-03.00	സംശയനിവാരണം		
03.00-03.30	മാലിന്യമുക്ത നവകേരളക്യാമ്പയിനും ഹരിതകർമ്മ സേനയുടെ പങ്കും	PPT അവതരണം-11	
03.30-04.00	തദ്ദേശസ്ഥാപനതലത്തിൽ ഗ്രൂപ്പ് തിരിഞ്ഞു ഭാവിപ്രവർത്തനം ചർച്ച ചെയ്യൽ		
04.00	സമാപനം		

കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾ വ്യാപ്തിയും പരിഹാര ഇടപെടലുകളും
സെഷൻ-1

1. വിഷയം : കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾ വ്യാപ്തി പരിഹാര ഇടപെടൽ
2. ലക്ഷ്യം : ഈ സെഷന്റെ അവസാനം പരിശീലന പങ്കാളികൾക്ക് ചുവടെ പറയുന്നവ നിർവഹിക്കാൻ കഴിയുക:
   - മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം പരിഹാര മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് അറിവ് നേടുന്നു.
3. സമയം :30മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും

നം.	വിഷയം	സമയം (മിനിറ്റ്)	രീതി	ഉപാധി
1	മാലിന്യ പ്രശ്നങ്ങൾ വ്യാപ്തിയും പരഹാര ഇടപെടൽ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
2	മാലിന് സംസക്കരണത്തിന്റെ അഭാവം അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ	5	പങ്കാളിത്ത അവതരണം	സ്ലൈഡ്
3	മാലിന്യക്കൂമ്പാരങ്ങൾ-ദൃശ്യം	2	പങ്കാളിത്ത അവതരണം	സ്ലൈഡ്
4	മലിനമാകുന്ന ജലാശയങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
5	കേരളത്തിന്റെ വികസന നേട്ടങ്ങൾ- നാം മുന്നിൽ	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
6	മാലിന്യ പരിപാലനത്തിൽ ഇതുവരെ നാം നടത്തിയ ഇടപെടൽ	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
7	ജനകീയ ക്യാമ്പയിന്റെ പ്രാധാന്യം, മാലിന്യ സംസ്കരണത്തിൽ നാം എന്ത് ചെയ്യണം	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
8	മാലിന്യ മുക്ത കേരളം-ഘട്ടങ്ങൾ ഹ്രസ്വകാലം-ദീർഘകാലം	5	പങ്കാളിത്ത അവതരണം	സ്ലൈഡ്

കുറിപ്പ്

കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം അധികാരത്തിലെത്തിയ ജനകീയ സർക്കാരുകൾ ദീർഘവീക്ഷണത്തോടു കൂടി നടപ്പാക്കിയ പുരോഗമന നയങ്ങളും പരിപാടികളും നമ്മുടെ സംസ്ഥാനത്തെ മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിലെത്തുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം വികസിത രാജ്യങ്ങൾക്കൊപ്പം എത്തിക്കുന്നതിനും സാധിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ നീതി എന്നീ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ സമാനതകളില്ലാത്തതാണ്. ഈ നേട്ടങ്ങൾ ഉയർത്തിക്കാട്ടുന്ന ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മാനവ വികസന റിപ്പോർട്ട് പ്രകാരം കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം രാജ്യത്ത് ഒന്നാമതെന്ന് മാത്രമല്ല വികസിത രാജ്യങ്ങൾക്കൊപ്പമാണ്. 1990 ൽ നോബൽ സമ്മാന

ജേതാവ് അമർത്യാ സെന്നും വ്യഖ്യാതനായ പാക്കിസ്ഥാനി സാമ്പത്തിക ശാസ്ത്രജ്ഞൻ മഹബൂബ് ഉൾ ഹഖും ചേർന്ന തയ്യാറാക്കി യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം പ്രസിദ്ധീകരിച്ച മാനവ വികസന റിപ്പോർട്ട് മുതൽ കേരളം മാനവ വികസന സൂചികയിൽ ഒന്നാമതാണ്.

2. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനം. 1989 - 90 കാലയളവിൽ എറണാകുളം ജില്ലയിൽ നടന്ന സം പൂർണ്ണ സാക്ഷരതാ യജ്ഞവും അതിനു തുടർച്ചയായി 1990-91 ൽ സംസ്ഥാന വ്യാപകമായി നടന്ന സാക്ഷരതാ യജ്ഞത്തിലൂടെ സംസ്ഥാനം നടന്നു കയറിയത് രാജ്യത്തെ പ്രഥമ സമ്പൂർണ്ണ സാക്ഷര സംസ്ഥാനം എന്ന പ്രശസ്തിയിലേക്കാണ്. ഇന്നും 96. 5 % സാക്ഷരതയുള്ള സംസ്ഥാനമായി ഈ നേട്ടം നാം നിലനിർത്തി വരുന്നു.
3. ജനകീയാസൂത്രണത്തിലൂടെ അധികാര വികേന്ദ്രീകരണം. 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ അധികാര വികേന്ദ്രീകരണത്തിൻ കേന്ദ്ര സർക്കാർ തുടക്കം കുറിച്ചെങ്കിലും അധികാര വികേന്ദ്രീകരണം അക്ഷരാർത്ഥത്തിൽ നടപ്പായത് കേരളത്തിൽ മാത്രമാണ്. അധികാര വികേന്ദ്രീകരണത്തിൻ കാതലായ ഫണ്ട്. ഫംങ്ഷൻ. ഫംങ്ഷണറീസ് എന്നിവ പൂർണ്ണ തോതിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്കു കൈമാറ്റം ചെയ്യപ്പെട്ടത് 1996 ൽ അധികാരത്തിലെത്തിയ ഇടതു പക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. അധികാരം ജനങ്ങളിലേക്കെത്തിക്കുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനം പ്രധാന പങ്കു വഹിച്ചു.
4. ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ടു കൊണ്ട് കുടുംബശ്രീ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സംസ്ഥാനം നിർണ്ണായക പങ്കു വഹിച്ചു. രാജ്യത്ത് ആദ്യമായി ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പ്രവർത്തന മാരംഭിച്ചു. കുടുംബശ്രീ അയൽ കൂട്ടങ്ങളുടെ രൂപീകരണത്തിനും ഗ്രാമപ്രദേശത്തേക്കുള്ള വ്യാപനത്തിനും പ്രത്യേക യജ്ഞം സംഘടിപ്പിച്ചു. ഒരു ദിവസം മാത്രം 15055 അയൽക്കൂട്ടങ്ങൾ ഇതിലൂടെ രൂപീകരിക്കപ്പെട്ടു. (2000 ആഗസ്റ്റ് 17) മറ്റാർക്കും കൈവരിക്കാൻ കഴിയാത്ത ഈ നേട്ടം സർക്കാരിന്റേയും ജനകീയാസൂത്രണത്തിന്റേയും ഇഛാശക്തിയുടെ ഫലമാണ്.
5. ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ രൂപീകരണത്തിൽ മാത്രമൊതുങ്ങുന്നതല്ല. ദരിദ്രരിൽ ദരിദ്രരായ, അതി ദരിദ്രരെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും സമഗ്രമായ പദ്ധതി ആവിഷ്കരിക്കപ്പെട്ടു. മറ്റൊരു സംസ്ഥാനത്തും ഇതു പോലെ സമഗ്രമായ പദ്ധതി രൂപീകരിക്കപ്പെട്ടിട്ടില്ല.
6. മൾട്ടി ഡൈമൻഷണൽ പോവർട്ടി സർവ്വേ. കേന്ദ്ര സർക്കാരിലെ നിതി ആയോഗിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും ആരോഗ്യം, വിദ്യാഭ്യാസം. ജീവിത നിലവാരം എന്നിവയെ അടിസ്ഥാനമാക്കി സർവ്വേ നടക്കുന്നുണ്ട്. 2022 ലെ സർവ്വേ പ്രകാരം കേരളത്തിന്റെ ദാരിദ്ര്യത്തിന്റെ തോത് കേവലം 0. 71 ശതമാനം മാത്രമാണ്. 1996 മുതൽക്ക് (ഒൻപതാം പദ്ധതി)നാം നടത്തിയ പ്രവർത്തനങ്ങളുടെ ഫലമാണ് ഈ നേട്ടം.
7. ആദ്യ സമ്പൂർണ്ണ ശുചിമുറി നിർമ്മിത സംസ്ഥാനം. രാജ്യമെമ്പാടും ജനങ്ങൾക്കാവശ്യമായ ശുചിമുറി നിർമ്മിക്കുന്നതിന് 2016 ൽ നടന്ന കാമ്പയിനിൽ കേരളം ലക്ഷ്യം നേടുകയും സമ്പൂർണ്ണ ശുചിമുറി നിർമ്മിത സംസ്ഥാനമായി 2016 നവംബർ 1 ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.
8. നിപ, കോവിഡ് തുടങ്ങിയ മഹാമാരികളെ നേരിടാൻ കഴിഞ്ഞു. സമീപകാലത്ത് നാടിനെയും ജനങ്ങളെയും പ്രതിസന്ധിയിലാക്കിയ നിപ, കോവിഡ് എന്നീ മഹാമാരികളെ ജനങ്ങളുടെ

പങ്കാളിത്തത്തോടെ നേരിടുകയും അതിജീവിക്കുകയും ചെയ്തു മുൻകാലങ്ങളിൽ അനുഭവപ്പെടാത്ത വിധത്തിലുണ്ടായ പ്രകൃതി ദുരന്തങ്ങളേയും മഹാപ്രളയത്തേയും നേരിടുന്നതിനും ജനപിന്തുണ യാർജ്ജിക്കുന്നതിനും സർക്കാരിനു കഴിഞ്ഞു.

9. നവകേരള കർമ്മ പദ്ധതി. നവകേരള സൃഷ്ടിക്കായി സമാനതകളില്ലാത്ത വികസനം ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച നവ കേരള കർമ്മ പദ്ധതി ഫലപ്രദമായി നടപ്പാക്കി വരുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം എന്നീ മേഖലകൾക്കായി ആർദ്രം, പൊതു വിദ്യാഭ്യാസ യജ്ഞം, ലൈഫ് എന്നീ പദ്ധതികളും ശുചിത്വം- മാലിന്യ സംസ്കരണം, കൃഷി, കുടിവെള്ളം എന്നിവ ഉൾപ്പെടുന്ന ഹരിത കേരള മിഷനും ജനപ്രിയ പദ്ധതികളായി നടന്നു വരുന്നു.
10. കേരളം മികച്ച ടൂറിസം ഡെസ്റ്റിനേഷൻ- ലോക ടൂറിസം ഭൂപടത്തിൽ സന്ദർശിച്ചിരിക്കേണ്ട 50 ലക്ഷ്യസ്ഥാനങ്ങളിൽ ഒന്നായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രകൃതി വരദാനമായി നൽകിയിട്ടുള്ള ഈ അംഗീകാരത്തിന്റെ ശോഭ കെടാതെ സൂക്ഷിക്കാൻ നാം ബാധ്യസ്ഥരാണ്.

കേരളം കൈവരിച്ചതും വിവിധ വികസന പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നതുമായ നേട്ടങ്ങളിൽ നാം സംതൃപ്തരാണോ?

സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ നിഷ്പ്രഭമാക്കിയെക്കാവുന്ന വെല്ലുവിളികളും നമ്മുടെ മുന്നിലുണ്ട്. ആരോഗ്യ മേഖലയിലെ സ്തുത്യർഹമായ പ്രവർത്തനങ്ങളുടെ ശോഭ കെടുത്തും വിധം രോഗാതുരതയിൽ ഉണ്ടായിട്ടുള്ള വർദ്ധനവും ഒരു സംസ്കൃത സമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത ജലജന്യ, മാലിന്യ ജന്യ, ജന്തു ജന്യ രോഗങ്ങളുടെ ആധിക്യവും അതു മൂലം നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളും എന്തിന് മനുഷ്യ ജീവൻ തന്നെ നഷ്ടപ്പെടുന്ന സാഹചര്യവും നിലനില്ക്കുന്നു. കാലാവസ്ഥ വ്യതിയാനത്താലും പ്രകൃതിയിൽ നാമേൽപ്പിക്കുന്ന മുറിവുകളാലും കാലം തെറ്റി വരുന്ന കാലവർഷവും, കടുത്ത വേനലും, ദിനംപ്രതിയെന്നോണമുണ്ടാകുന്നകടൽ ക്ഷോഭവും, പ്രകൃതി ദുരന്തങ്ങളും ഉൾപ്പടെയുള്ള പാരിസ്ഥിതിക ആഘാതങ്ങൾ ജനങ്ങൾക്കു നേരെ കടുത്ത വെല്ലുവിളി ഉയർത്തുന്നു.

മാലിന്യ വ്യാപ്തി

സംസ്ഥാനത്തെ മാലിന്യ വ്യാപ്തി നാൾക്ക് നാൾ കൂടിവരികയാണ്. നഗരത്തിൽ മാത്രമല്ല നാട്ടിൻപുറങ്ങളിൽ പോലും പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നത് ഒരു പുതുമയുള്ള കാഴ്ചയല്ല. മാലിന്യങ്ങൾ പൊതുനിരത്തിലേക്ക് വലിച്ചെറിയുന്ന സ്വഭാവം ജനങ്ങളിൽ നിന്ന് പൂർണ്ണമായും മാറിയിട്ടില്ലെന്ന് ഇത്തരം കാഴ്ചകളിൽ നിന്ന് വ്യക്തമാണ്. വീടുകളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലമായാണ് പലരും പൊതുനിരത്തുകളെ കാണുന്നത്. മറ്റുള്ളവന്റെ ഒഴിഞ്ഞ പറമ്പിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നവരും കുറവല്ല. മാലിന്യം കുമിഞ്ഞു കൂടുന്നത് കൊണ്ടുള്ള ദൂഷ്യവശങ്ങൾ അറിയാമായിരുന്നിട്ടു പോലും ഇതിനൊരു പരിഹാരം കണ്ടെത്താൻ ആളുകൾ ശ്രമിക്കുന്ന സാഹചര്യം വളരെ കുറവാണ്. നമ്മുടെ അറിവില്ലായ്മയും വിവരക്കേടും മൂലം പുനചക്രമണ യോഗ്യമായ പാഴ് വസ്തുക്കളെ പോലും നാം മാലിന്യമായി കണക്കാക്കുന്നു. അതുകൊണ്ടുതന്നെ ഏറ്റവും അടിയന്തരമായി നാം മനസ്സിലാക്കേണ്ടത് പാഴ് വസ്തുക്കളെ നിസ്സാരവും ഉപയോഗശൂന്യവുമായി കണക്കാക്കുന്ന രീതി നമുക്ക് തുടരാനാകില്ല എന്നതാണ്. ഓരോ വ്യക്തിയുടെയും മാലിന്യം അവരുടെ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവ് സമൂഹത്തിന് പകർന്നു കൊടുക്കുകയും മാലിന്യ സംസ്കരണത്തിന് ഉതകുന്ന പ്രവർത്തനങ്ങൾക്ക് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുകിൽ മാത്രമേ ഇതിനൊരു പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. മാലിന്യ സംസ്കരണത്തിൽ ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ് ആളുകൾക്ക് മാലിന്യം തരംതിരിക്കുന്ന ശീലങ്ങൾ ഇല്ലാത്തത്.

ഇവിടെയാണ് ഹരിത കർമ്മ സേനയുടെ പ്രസക്തിയേറുന്നത്. കേരളത്തിൽ നടക്കുന്ന ഏറ്റവും വലിയ പാരിസ്ഥിതിക പ്രവർത്തനമാണ് ഹരിത കർമ്മ സേനയുടെത്. അജൈവമാലിന്യങ്ങൾ കൊണ്ട് പൊറുതിമുട്ടിയ ഒരു സമൂഹത്തിന് ലഭിച്ച വരദാനമാണ് ഹരിത കർമ്മ സേനാംഗങ്ങൾ. ഇവരുടെ പ്രവർത്തനം കേരളത്തെ മാലിന്യമുക്തമാക്കുവാൻ എത്രമാത്രം സഹായിക്കുന്നുണ്ടെന്ന വസ്തുത നമ്മൾ തിരിച്ചറിയേണ്ടതാണ്.

നാട്ടിലെമ്പാടും രൂപം കൊള്ളുന്ന മാലിന്യ കൂമ്പാരങ്ങൾ, ചീഞ്ഞു നാറുന്ന പൊതു നിരത്തുകൾ, മാലിന്യവാഹിനിയായ പുഴകളും, ജലസ്രോതസുകളും നാം നേടിയ നേട്ടങ്ങളെ പിന്നോട്ടടിക്കുന്നു. മാലിന്യം സൃഷ്ടിക്കുന്നവർ അതിനു മേൽ യാതൊരു ഉത്തരവാദിത്വവുമില്ലാത്ത പോലെ പെരുമാറുന്നു. ഉറവിടത്തിൽ മാലിന്യം തരം തിരിച്ചു സംസ്കരിക്കണമെന്ന ആപ്തവാക്യം പുച്ഛത്തോടെ വർജ്ജിക്കുന്നു. ഇത് നമ്മുടെ അലംഭാവത്തിന്റെ ദൃഷ്ടാന്തവും അനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങൾ അതിന്റെ ഫലവും.

ഖരമാലിന്യ സംസ്കരണ മേഖലയിൽ 2016 - 17 മുതൽക്ക് വികേന്ദ്രീകൃത മാലിന്യ സംസ്കരണമെന്ന നയം സർക്കാർ സ്വീകരിച്ചു നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്നുണ്ട്. ഉറവിടത്തിൽ മാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ സംസ്ഥാനത്ത് 12. 28 ലക്ഷം വീടുകളിൽ ലഭ്യമാണ്. 30000 ത്തിലധികം ഹരിത കർമ്മ സേനാ അംഗങ്ങൾ സേവനം ലഭ്യമാക്കാൻ തയ്യാറാണ്. എന്നാൽ 50 ശതമാനത്തോളം വീടുകൾ മാത്രമാണ് സേവനമുപയോഗപ്പെടുത്തുന്നത്.

അജൈവ മാലിന്യം സംഭരിക്കാനും തരം തിരിക്കാനും 1018 എം. സി. എഫുകൾ നമുക്കുണ്ട്. അജൈവ മാലിന്യത്തിന്റെ രണ്ടാംഘട്ട തരംതിരിവിനും പുനരുപയോഗ, പുനഃചംക്രമണ, ജ്വലന സാധ്യതകൾക്ക് ഉപയോഗപ്പെടുത്തേണ്ട 177 ആർ. ആർ. എഫുകൾ നമുക്കുണ്ട്. എന്നാൽ ഈ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ ലഭ്യത കുറവും ജനങ്ങളുടെ പ്രാദേശികമായ എതിർപ്പുമൂലവുമാണ് ഈ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടാത്തത്. ഇതിന് പരിഹാരം പ്രാദേശികമായി ഉണ്ടാകേണ്ടതുണ്ട്.

നമ്മുടെ നാടിന്റെ സൗന്ദര്യം വീണ്ടെടുക്കാൻ അഭിമാനം സംരക്ഷിക്കാൻ ഇനിയെന്തു വേണം ?

- നമുക്കു വേണം മാലിന്യ മുക്ത കേരളം. അതിനായി നാമെന്തു ചെയ്യണം.
- സമസ്ത ജനവിഭാഗവും ഒന്നായി മുന്നിട്ടിറങ്ങണം
- മാലിന്യ സംസ്കരണത്തിന് ഒരു ജനകീയ പ്രസ്ഥാനം രൂപമെടുക്കണം
- മാലിന്യ സംസ്കരണ ആശയങ്ങൾ ഓരോ വീട്ടിലും എത്തണം
- പകർച്ചവ്യാധികളെ അകറ്റി നിർത്താൻ
- വിനോദ സഞ്ചാരികളെ ആകർഷിക്കാൻ
- പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കാൻ
- ജല സ്രോതസുകൾ മലിനമാകാതിരിക്കാൻ
- നമ്മുടെ അന്തസും അഭിമാനവും ഉയർത്തിപ്പിടിക്കാൻ
- നേടണം മാലിന്യ മുക്ത കേരളം

2023 ജൂൺ 5 ന്റെ അന്തർദേശീയ പരിസ്ഥിതി ദിനത്തിനു മുൻപായി നാം ലക്ഷ്യങ്ങൾ കൈവരിക്കണം.

കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾ -വ്യാപ്തിയും പരിഹാര ഇടപെടലുകളും

KERALA INSTITUTE OF LOCAL ADMINISTRATION

മാലിന്യ പരിപാലനത്തിൽ പുറകിലായോ?

- മാലിന്യ കൂമ്പാരങ്ങൾ
- ചീഞ്ഞു നാറുന്ന പൊതു നിരത്തുകൾ
- മാലിന്യം നിറഞ്ഞ പുഴകളും ഇതര ജല സ്രോതസുകളും
- ഉറവിടത്തിലെ മാലിന്യ സംസ്കരണത്തിനെതിരെ മുഖം തിരിക്കുന്നവർ
- വർദ്ധിച്ചു വരുന്ന രോഗാതുരത
- പാരിസ്ഥിതിക പ്രശ്നങ്ങൾ

ഇത് ഒരു മികച്ച പൗരസമൂഹത്തിനു ചേർന്നതാണോ?



കേരളത്തിൻറെ വികസന നേട്ടങ്ങൾ

- സാമൂഹ്യആരോഗ്യ വികസന മേഖലകളിൽ നിരവധി നേട്ടങ്ങൾ.
- സമ്പൂർണ്ണ സാക്ഷരത
- അധികാര വികേന്ദ്രീകരണം
- കുടുംബശ്രീ സംവിധാനം , ദാരിദ്ര്യലഘൂകരണം
- ലോകത്തിലെ ഏറ്റവും മികച്ച ടൂറിസം ഡെസ്റ്റിനേഷൻ
- അതിദരിദ്രരുടെ പുനരധിവാസം
- രാജ്യത്തെ ആദ്യ സമ്പൂർണ്ണ ശുചിമുറി നിർമ്മിത സംസ്ഥാനം
- നവകേരള കർമ്മ പദ്ധതി.....

മാലിന്യ പരിപാലനത്തിൽ നാം നടത്തിയ ഇടപെടലുകൾ

- ഖരമാലിന്യ സംസ്കരണത്തിൽ ചെറുതല്ലാത്ത ഇടപെടലുകൾ നാം നടത്തിയിട്ടുണ്ട്. എങ്കിലും .....
- ഉറവിട മാലിന്യ സംസ്കരണ ഉപകരണങ്ങൾ ഉള്ള വീടുകൾ 12.80 ലക്ഷം (16% മാത്രം)
- ഹരിത കർമ്മ സേനാ അംഗങ്ങൾ 30000 ത്തിലധികം
- സേവന മുപയോഗപ്പെടുത്തുന്നത് 50% താഴെ വീടുകൾ മാത്രം

- അജൈവ മാലിന്യം ശേഖരിക്കാനും തരം തിരിക്കാനും എം.സി.എഫുകൾ നമുക്കുള്ളത് - 1018 (80%)
- അജൈവ മാലിന്യത്തിന്റെ രണ്ടാം ഘട്ട തരം തിരിവിനും പുനരുപയോഗ, പുനഃചംക്രമണ , ജ്വലന സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ട ആർ.ആർ.എഫുകൾ നമുക്കുള്ളത്-177 (65%)

മാലിന്യ സംസ്കരണ ഉപാധികളിൽ ഈ വിടവുകൾ നികത്തേണ്ടതുണ്ട്

ജനകീയ ക്യാംപയിന്റെ അടിയന്തിര പ്രാധാന്യം

1. മഴക്കാല രോഗപ്രതിരോധം
2. മാലിന്യ – ബന്ധിതമായ രോഗാതുരത കുറച്ചു കൊണ്ടുവരൽ.
3. ജലാശയങ്ങൾ വൃത്തിയാക്കി വെള്ളപൊക്കം ഒഴിവാക്കൽ.
4. കേരളത്തിന്റെ വിനോദസഞ്ചാര സമ്പത്ത്-വ്യവസ്ഥയെ സംരക്ഷിക്കാൻ
5. 2016 ലെ ഖര-മാലിന്യ പരിപാലന ചട്ടത്തിലെ നിബന്ധനകൾ പാലിക്കൽ.
6. ഗ്രീൻ ട്രിബ്യൂണൽ ഇടപെടലുകൾക്കുള്ള സാഹചര്യങ്ങൾ ഒഴിവാക്കൽ.
7. മാലിന്യ പരിപാലനവുമായി ബന്ധപെട്ട ഹൈകോടതി ഉത്തരവിലെ സമയക്രമങ്ങൾ പാലിക്കൽ.

നാമെന്തു ചെയ്യണം?

- **സമസ്ത ജനവിഭാഗവും ഒന്നായി മുന്നിട്ടിറങ്ങണം**
- **മാലിന്യ സംസ്കരണത്തിന് ഒരു ജനകീയ പ്രസ്ഥാനം ആവശ്യം**
- **മാലിന്യ സംസ്കരണ ആശയങ്ങൾ ഓരോ വ്യക്തിയിലും എത്തണം**
- **മുഴുവൻ സമൂഹത്തെയും ഒരേ ചരടിൽ കണ്ണിചേർക്കണം**
- **ഉറവിട ജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കണം**

- അജൈവ മാലിന്യ ശേഖരണം 100% വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും
- പൊതുഇടങ്ങൾ, തെരുവുകൾ എന്നിവിടങ്ങളിലെ മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്യൽ
- ജലാശയങ്ങളെ മാലിന്യ വിമുക്തമാക്കൽ

നമുക്കു വേണം മാലിന്യ മുക്തമായൊരു കേരളം

"മാലിന്യ മുക്തം നവകേരളം"

- 2023 ജൂൺ 5 ന്റെ അന്തർദേശീയ പരിസ്ഥിതി ദിനത്തിനു മുൻപായി അടിയന്തര ഘട്ട ലക്ഷ്യങ്ങൾ കൈവരിക്കണം.....

ക്യാമ്പയിന്റെ ഹ്രസ്വ കാലഘട്ടം - ഒക്ടോബർ 31
ദീർഘ കാലഘട്ടം - 2024 മാർച്ച് 30

- നമ്മുടെ അന്തസും അഭിമാനവും ഉയർത്തിപ്പിടിക്കാൻ
- നാടിന്റെ രക്ഷയ്ക്കായി കൈകോർക്കാം

നന്ദി

ഹരിത കർമ്മസേന പ്രസക്തി പ്രാധാന്യം

സെഷൻ–2

1. വിഷയം : ഹരിത കർമ്മസേന പ്രസക്തി പ്രാധാന്യം
2. ലക്ഷ്യം : ഈ സെഷന്റെ അവസാനം പരിശീലന പങ്കാളികൾക്ക് ചുവടെപറയുന്നവ നിർവഹിക്കാൻ കഴിയുക:
   - ഹരിതകർമ്മസേന എന്ത്, മാലിന്യ ശേഖരണം തരംതിരിക്കൽ ആവശ്യകത സംവിധാനങ്ങൾ, ഉത്തരവാദിത്വങ്ങൾ
3. സമയം : 45മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും

നം.	വിഷയം	സമയം (മിനിറ്റ്)	രീതി	ഉപാധി
1	ഹരിതകർമ്മസേന പ്രസക്തിയും പ്രവർത്തന രീതിയും	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
2	ലക്ഷ്യം	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
3	ദൗത്യം ചുമതല	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
4	മാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
5	രൂപീകരണം ഘടന പ്രവർത്തനം	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
6	യൂസർ ഫീ നിരക്ക്	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
7	വിവിധതരം യൂസർ ഫീ	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
8	വിവിധതരം യൂസർ ഫീ	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
9	ഘടക സ്ഥാപനങ്ങ പിന്തുണകൾ	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
10	പാഴ്വസ്തു ശേഖരണ തലങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
11	സംശയ നിവാരണം നിവാരണം	10		

ഹരിത കർമ്മ സേന പ്രസക്തിയും പ്രവർത്തനരീതിയും

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമ്മ സേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, തൊഴിലുറപ്പ് മിഷൻ പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിത കർമ്മ സേന പ്രവർത്തനം നടത്തുന്നത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഹരിത കർമ്മ സേനയുടെ അടിസ്ഥാന ലക്ഷ്യം

ദൗത്യം

മാലിന്യം കൊണ്ട് നിറയുന്ന നമ്മുടെ നാടിനെ ഹരിത കേരളമാക്കാൻ സ്വന്തം ആരോഗ്യവും

സുരക്ഷയും മറന്നു പ്രവർത്തനം നടത്തുന്ന ഒരു ടീമാണ് ഹരിത കർമ്മ സേന. ഹരിത കേരളം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ മാലിന്യമുക്തമാക്കുവാൻ കർമ്മധീരരായി പ്രവർത്തിക്കുന്ന ഒരു സേനയാണ് ഇവർ. മാലിന്യത്തിൽ നിന്ന് ജനങ്ങളെയും ഒപ്പം പ്രകൃതിയെയും സംരക്ഷിക്കാനുള്ള ദൗത്യമാണ് ഈ സേന ഏറ്റെടുത്തിരിക്കുന്നത്. ഈ ദൗത്യം ഏറ്റെടുത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള ഏക സേനയാണ് ഹരിതകർമ്മ സേന. ഇവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ കേരളത്തിലെ മാലിന്യനിർമാർജനത്തിന് പുതിയൊരു ലക്ഷ്യവും പരിവേഷവും കൈവന്നിരിക്കുകയാണ്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന പൊതു തത്വത്തെ സാമൂഹ്യബോധം ആക്കി മാറ്റാൻ ഇവർ നടത്തുന്ന പ്രവർത്തനങ്ങൾ വലിയൊരു പങ്കു വഹിക്കുന്നുണ്ട്. മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്നത് മൂലം ഉണ്ടാകുന്ന പരിസ്ഥിതി- ആരോഗ്യ പ്രശ്നങ്ങൾ, കാർഷിക മേഖലയിലെ ഉൽപാദന ക്കുറവ് മൂലമുണ്ടാകുന്ന ഭക്ഷ്യക്ഷാമം എന്നീ ഗുരുതരമായ പ്രശ്നങ്ങൾ മുൻകൂട്ടി കാണുകയും അവയ്ക്ക് പരിഹാരം കണ്ട് ഭാവി തലമുറയ്ക്കായി ഈ പ്രകൃതിയെ കാത്തുസൂക്ഷിക്കുക എന്ന ദൗത്യമാണ് ഇവർ ഏറ്റെടുത്തിരിക്കുന്നത്.

മാലിന്യനിർമാർജന ഇടപെടലുകൾ

മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ആദ്യപടി മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നതാണ്. വ്യക്തികളും സ്ഥാപനങ്ങളും ഇതിനായി പരിശ്രമിക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള ഒരു സാധാരണ പൗരന്റെ ചുമതലയേയും ഉത്തരവാദിത്വത്തേയും കുറിച്ച് അവബോധം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. സ്ഥാപനങ്ങളിലേയും വീടുകളിലേയും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന രീതി പ്രാവർത്തികമാക്കണം. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് പുനചക്രമണം ഉറപ്പാക്കുന്നതിന് ഹരിത കർമ്മ സേനയെ വിനിയോഗിക്കുക. മാലിന്യ സംസ്കരണത്തിന് വീടുകളിൽ അവലംബിക്കുന്ന നിലവിലെ രീതി വിലയിരുത്തിയശേഷം അവർക്ക് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകാൻ ഇവരെ പ്രാപ്തരാക്കുക, മാലിന്യം കുറയ്ക്കുക, പാഴ് വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുക.

മാറ്റത്തിന്റെ തുടക്കം

ഹരിത കർമ്മ സേനയുടെ വരവിന് മുൻപും പിൻപും എന്ന് കാലഘട്ടത്തെ രണ്ടായി തരം തിരിച്ചാൽ നമ്മുടെ ചുറ്റുപാടുമുള്ള മാറ്റം കൃത്യമായി വിലയിരുത്താൻ കഴിയും. മാലിന്യ കൂമ്പാരമായ കേരളത്തിലെ പൊതു ഇടങ്ങളെയും വീഥികളെയും പൂങ്കാവനമാക്കി മാറ്റുകയാണ് ഹരിത കർമ്മ സേന. പേരിനെ അന്വർത്ഥമാക്കുന്ന തരത്തിൽ ഹരിതാഭ പരത്തി മുന്നേറുകയാണ് ഓരോ സേനാംഗവും. സേനയുടെ പരിശ്രമ ഫലമായി മാലിന്യം മറ്റു സ്ഥലങ്ങളിൽ വലിച്ചെറിയുക എന്ന ശരാശരി മലയാളിയുടെ ചിന്തയ്ക്ക് മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. തത്ഫലമായി പൊതുസ്ഥലങ്ങളിലെ മാലിന്യ കൂമ്പാരത്തിന് പകരം അവിടം പൂന്തോട്ടമായി മാറ്റാനുള്ള മികച്ച രീതികൾ ഉപയോഗപ്പെടുത്താനും കഴിഞ്ഞു. പാർക്കുകൾ , വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയവ നിർമ്മിച്ചും ചെടികളും വൃക്ഷങ്ങളും നട്ടുപിടിപ്പിച്ചും ഈ പ്രദേശങ്ങളെ മാറ്റിയെടുക്കാൻ സാധിച്ചത് ഹരിതകർമ്മ സേനയുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ്. സേനയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള വ്യക്തികളുടെ മനോഭാവത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ഇത്തരം മാതൃകകൾ മുതൽക്കൂട്ടാണ്. മാലിന്യത്തിന് മുന്നിൽ അന്തിച്ചു നിന്ന മലയാളിക്ക് പരിഹാരവുമായി എത്തിയ സേനയുടെ പ്രവർത്തനത്തിലൂടെ കേരളത്തിന്റെ പൊതു ഇടങ്ങളും വീഥികളും ഹരിതാഭയിൽ മുങ്ങി നിൽക്കുന്ന കാഴ്ച വിദൂരമല്ല.

രൂപീകരണവും ഘടനയും

ഹരിത കേരളം മുന്നോട്ടുവയ്ക്കുന്ന ശുചിത്വ കേരളം എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മ സേന തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. 15/ 07/ 17ലെ 2420 /2017 തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പ്രകാരമാണ് ഇതിന്റെ രൂപീകരണം. മാലിന്യനിർമാർജനത്തോടൊപ്പം സംരംഭകത്വ ശേഷി വികസനവും പ്രാപ്തമാക്കുന്ന വിധമാണ് ഈ തൊഴിൽ സംരംഭം വിഭാവനം ചെയ്തിരിക്കുന്നത്. ഈ ഉത്തരവിൻമേൽ ഭേദഗതി വരുത്തിക്കൊണ്ട് പിന്നീട് വന്ന 1496/ 2020 ഉത്തരവിൽ പറയുന്ന പ്രവർത്തന മാർഗ്ഗരേഖ അനുസരിച്ചാണ് ഹരിതകർമ്മ സേന നിലവിൽ പ്രവർത്തിക്കുന്നത്. തുടർന്ന് 2024 മാർച്ച് 31 ന് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 789/ 2023 ഉത്തരവ് പ്രകാരം ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതിയായി ഈടക്കാനുള്ള തീരുമാനം ആയി.

കുടുംബശ്രീ അംഗങ്ങൾക്കിടയിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മ സേനയെ ഏകോപന സംവിധാനം എന്ന നിലയിൽ ഹരിത കർമ്മ സേന കൺസോർഷ്യമായും തൊഴിൽ സംരംഭം എന്ന നിലയിൽ മൈക്രോ സംരംഭ ഗ്രൂപ്പുകളായും തരംതിരിച്ചിട്ടുണ്ട്. ഓരോ വാർഡിലും വീടുകളുടെ എണ്ണം അനുസരിച്ച് പരമാവധി രണ്ട് പേരെ അജൈവമാലിന്യങ്ങളുടെ ശേഖരണത്തിനും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് സഹായിക്കുന്നതിനും ആയി പരിശീലനം നൽകി തൊഴിൽ സംരംഭമായി തിരഞ്ഞെടുക്കുന്നു. മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിൽ വീടുകളുടെ എണ്ണം കൂടുതലായതിനാൽ ഒരു വാർഡിൽ രണ്ടിലധികം പേരെ തിരഞ്ഞെടുക്കാം. ഇത്തരത്തിലുള്ള മൂന്നു മുതൽ അഞ്ചുവരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തിയാണ് മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നത് ഇത്തരം ഓരോ സംരംഭക ഗ്രൂപ്പിലും 4 മുതൽ 10 വരെ അംഗങ്ങൾ ഉണ്ടാകും. ഓരോ ഹരിത കർമ്മ സംരംഭ പ്രവർത്തന പരിധിയിലും 250 വീടുകൾ ഉണ്ടായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് കുടുംബശ്രീ മിഷൻ തദ്ദേശ സ്വയംഭരണ തല പരിശീലനം സംഘടിപ്പിക്കും.

പ്രവർത്തനം

ഹരിത കർമ്മ സേനാംഗങ്ങൾ ഓരോ വീടുകളിലും ചെന്ന് കഴുകി ഉണക്കിയ പ്ലാസ്റ്റിക് ശേഖരിക്കുന്നു. ഇങ്ങനെ വാർഡ് തലത്തിൽ ശേഖരിക്കുന്ന മാലിന്യം മിനി എംസിഎഫിൽ സൂക്ഷിക്കുന്നു. അതില്ലാത്ത പക്ഷം അനുയോജ്യമായ മറ്റൊരിടത്ത് സൂക്ഷിക്കാൻ സാധിക്കും. ഒരു വാർഡിലെ മുഴുവൻ മാലിന്യങ്ങളും ശേഖരിച്ചതിനുശേഷം പഞ്ചായത്ത് വക വാഹനത്തിൽ ഇവ ശേഖരിച്ച് പഞ്ചായത്ത് തല എംസിഎഫിൽ എത്തിക്കുന്നു. ഹരിതകർമ്മ സേനയ്ക്ക് ഗതാഗത സൗകര്യം ഒരുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. വാഹനം വാങ്ങി നൽകി ആവർത്തന ചെലവടക്കം വഹിക്കുകയോ അല്ലാത്തപക്ഷം വാഹനം വാടകയ്ക്കെടുത്ത് നൽകുകയോ ചെയ്യാവുന്നതാണ്. ഇങ്ങനെ എല്ലാ വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ എംസിഎഫിൽ എത്തിക്കുന്നു. അവിടെവെച്ച് മാലിന്യങ്ങൾ തരംതിരിക്കുന്നു. മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്കോ പഞ്ചായത്തുമായി കരാർ ഉണ്ടാക്കിയ സ്വകാര്യ സ്ഥാപനങ്ങൾക്കോ കൈമാറുന്നു. അവരത് ബ്ലോക്ക് തലത്തിലെ ആർ ആർ എഫിൽ എത്തിക്കുന്നു. പിന്നീട് അതിനെ തരംതിരിക്കുകയും മാലിന്യങ്ങളുടെ സ്വഭാവമനുസരിച്ച് പൊടിച്ചെടുക്കാവുന്ന അല്ലെങ്കിൽ പുനചക്ര മണം നടത്താവുന്ന മാലിന്യങ്ങളെ അതിനായി മാറ്റിവയ്ക്കുകയും അല്ലാത്തവയെ കത്തിച്ചു കളയാൻ ലൈസൻസ് ഉള്ള കമ്പനികൾക്ക് കൈമാറി അത് കത്തിച്ചുകളയും ആണ് ചെയ്യുന്നത്.

യൂസർ ഫീ

789/2023 തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന മുഖേന പാഴ് വസ്തു ശേഖരണത്തിന് സജ്ജീകരണങ്ങൾ ഒരുക്കേണ്ടതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത യൂസർ ഫീ ഈടാക്കാവുന്നതാണെന്നും ഇത് നടപ്പിലാക്കുന്നതിനുള്ള നിയമ സാധ്യത ഉണ്ടായിരിക്കുമെന്നും വ്യക്തമാക്കുന്നു. യൂസർ ഫീ നൽകാത്തവരിൽ നിന്നും, യൂസർ ഫീ കുടിശിക വരുത്തിയവരിൽ നിന്നും പ്രസ്തുത തുക, വസ്തു നികുതി കുടിശ്ശിക യായി കണക്കാക്കി ഈടാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ അടിസ്ഥാന നിലനിൽപ്പ് യൂസർ ഫീയിൽ നിന്നുള്ള സാമ്പത്തിക ശേഖരണം മൂലമാണ്. ഹരിത കർമ്മ സേന നൽകുന്ന സേവനങ്ങൾക്കൊപ്പം അവ സമൂഹത്തിൽ ഉണ്ടാക്കുന്ന ഗുണഫലങ്ങൾക്കുള്ള പാരിതോഷികം കൂടിയായിട്ടാണ് യൂസർ ഫീ കണക്കാക്കപ്പെടുന്നത്. 15/7/17 ലെ 2420/ 2017 ത. സ്വ. ഭ. വ ഉത്തരവ് പ്രകാരം വിവിധ സേവനങ്ങൾക്കുള്ള യൂസർ ഫീ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ അജൈവമാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60 രൂപ എന്നാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ നിരക്കുകൾ ഹരിത കർമ്മ സേനകൾക്ക് ഉപജീവനത്തിന് ഉതകുന്ന വരുമാനം ലഭ്യമാക്കുന്നില്ല. ഈ സാഹചര്യത്തിൽ വീടുകളിൽ നിന്നുള്ള അജൈവ മാലിന്യ ശേഖരണത്തിന് കുറഞ്ഞത് ഗ്രാമപ്രദേശങ്ങളിൽ 50 രൂപയും നഗരപ്രദേശങ്ങളിൽ 70 രൂപയും കടകളിൽനിന്ന് 100 രൂപയുമായി നിശ്ചയിക്കുന്നു. ഈ തുകയിൽ കുറവാണ് തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന സേവന പ്രതിഫലത്തുക എങ്കിൽ വിജ്ഞാപന തുകയും സേവന പ്രതിഫലത്തുകയും തമ്മിലുള്ള അന്തരം പരിഹരിക്കേണ്ടത് പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്വം ആയിരിക്കും. സേവന പ്രതിഫല തുക വാങ്ങുന്ന പ്രക്രിയ മാലിന്യ ശേഖരണ പ്രക്രിയയ്ക്ക് ഒപ്പം തന്നെ ഡിജിറ്റലൈസ് ചെയ്യണം. യൂസർ ഫീ നൽകാൻ ശേഷിയില്ലാത്തവരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളുടേയും യൂസർ ഫീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വഹിക്കേണ്ടത്.

65×80 സെന്റീമീറ്റർ വലിപ്പമുള്ള ഒന്നോ 30×60 സെന്റീമീറ്റർ വലിപ്പമുള്ള മൂന്ന് സഞ്ചിയോ ചാക്കോ കുറഞ്ഞ അളവായി സ്വീകരിക്കാം. ഇവ ഹരിത കർമ്മ സേന ഉപഭോക്താക്കൾക്ക് നൽകേണ്ടതാണ്. നൽകുന്ന മാലിന്യങ്ങൾ അളവിൽ കൂടുതലുള്ള പക്ഷം ആവശ്യമായ ചാക്കിന്റെ എണ്ണത്തിനനുസരിച്ച് യൂസർ ഫീ തുകയിലും വർദ്ധനവ് ഉണ്ടാകും. ചാക്ക് ഒന്നിന് 50 രൂപ വീതം ആയിരിക്കും ഈടാക്കുക. ഹരിത കർമ്മ സേന സംരംഭകർക്ക് കൃത്യമായി യൂസർ ഫീ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ലഭിക്കുന്ന വരുമാനത്തിന്റെ സിംഹഭാഗവും വീടുകൾ, സ്ഥാപനങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന യൂസർ ഫീസ് ആണ്.

വിവിധതരം യൂസർ ഫീ

- വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കുന്ന സേവന പ്രതിഫലത്തുക
- മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിക്കുന്ന സേവന പ്രതിഫലത്തുക
- സവിശേഷ പരിപാടികളുടെ ഭാഗമായി ശേഖരിക്കുന്ന സേവന പ്രതിഫല തുക
- പൊതുസ്ഥാപനങ്ങൾ, പാർക്കുകൾ നിരത്തുകൾ തുടങ്ങിയവ ശുദ്ധീകരിക്കുന്നതിനുള്ള സേവന പ്രതിഫലത്തുക
- കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് പരിപാലനത്തിനുള്ള സേവന പ്രതിഫലത്തുക
- ഹരിത പെരുമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന സേവന പ്രതിഫലത്തുക.

ഘടക സ്ഥാപനങ്ങൾ

ഹരിത കർമ്മസേനയുടെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ തങ്ങളുടെ ചുമതലകൾ കൃത്യതയോടെ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിലേക്കായി ഓരോ സ്ഥാപനവും നിർവഹിക്കേണ്ട ചുമതലകൾ 15/07/2017 ലെ 2420/2017 ത. സ്വ. ഭ. വ ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വെള്ളം, വൃത്തി, വിളവ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തനം നടത്തിവരുന്ന ഹരിത കേരളം മിഷൻ, ശുചിത്വ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകുന്ന ശുചിത്വമിഷൻ, ദാരിദ്ര ലഘൂകരണവും സ്ത്രീശാക്തീകരണവും മുഖ്യ വിഷയമായി എറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പുവരുത്തുന്നതിനു വേണ്ടി പ്രവർത്തിച്ചുവരുന്ന ക്ലീൻ കേരള കമ്പനി, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാകുന്ന തൊഴിലുറപ്പ് മിഷൻ, റെഗുലേറ്ററി അതോറിറ്റിയായ കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിത കർമ്മ സേന പ്രവർത്തനം നടത്തി വരുന്നത്. ഹരിത കർമ്മ സേനയുടെ രൂപീകരണവും, പരിശീലനവും, പ്രവർത്തനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, കുടുംബശ്രീ മിഷനും, കുടുംബശ്രീ സിഡിഎസ് കളും, പൊല്യൂഷൻ കൺട്രോൾ ബോർഡും, ശുചിത്വ മിഷനും, ക്ലീൻ കേരള കമ്പനിയും, ഹരിത സഹായ സ്ഥാപനങ്ങളും വ്യത്യസ്ത ചുമതലകൾ വഹിക്കേണ്ടതുണ്ട്.

കലണ്ടർ മാലിന്യ ശേഖരണം

പാഴ് വസ്തുക്കൾ തരംതിരിച്ച് കലണ്ടർ പ്രകാരം ഹരിത കർമ്മ സേന ശേഖരിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് പുറമേ കുപ്പിച്ചില്ല്, ഇ-വേസ്റ്റ്, തുണി മാലിന്യങ്ങൾ, ചെരുപ്പ്, ബാഗ് വാഹന ടയർ തുടങ്ങിയവ കലണ്ടർ പ്രകാരം ഓരോ മാസവും ശേഖരിക്കുന്നു. ഇങ്ങനെ ഓരോ വീടുകളെയും മാലിന്യമുക്തമാക്കി നാടിനെയും പ്രകൃതിയെയും സംരക്ഷിക്കുന്ന ചുമതലയാണ് ഹരിത കർമ്മസേന ഇപ്പോൾ നടത്തുന്നത്.

ഹരിത കർമ്മ സേന - പ്രസക്തിയും പ്രവർത്തനരീതിയും

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിത കർമ്മ സേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമ്മ സേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്.

ദൗത്യം

- വീടും നാടും മാലിന്യമുക്തമാക്കുക
- പരിസ്ഥിതി സംരക്ഷണം
- ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും ഭാവിതലമുറയെ സംരക്ഷിക്കുക
- ഹരിതകേരളം പ്രാവർത്തികമാക്കുക
- 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന പൊതു തത്വത്തെ സാമൂഹ്യബോധമാക്കി മാറ്റിയെടുക്കുക

മാലിന്യ വ്യാപ്തി

മാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ

- മാലിന്യത്തിന്റെ അളവ് കുറയ്ക്കുക
- മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക
- സ്ഥാപനങ്ങളിലേയും വീടുകളിലേയും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന രീതി പ്രാവർത്തികമാക്കുക
- അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് പുനചക്രമണം ഉറപ്പാക്കുന്നതിന് ഹരിത കർമ്മ സേനയെ വിനിയോഗിക്കുക.
- പാഴ് വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക

മാറ്റത്തിന്റെ തുടക്കം

ഹരിത കർമ്മ സേനയുടെ വരവിനു ശേഷം

രൂപീകരണവും ഘടനയും

- 15/ 07/17 ലെ 2420 /2017 തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പ്രകാരമാണ് രൂപീകരണം.
- ഇതിനെ ഭേദഗതി വരുത്തിക്കൊണ്ട് നിലവിൽ വന്ന 1496/ 2020 ഉത്തരവിൽ പറയുന്ന പ്രവർത്തന മാർഗ്ഗരേഖ അനുസരിച്ചാണ് ഹരിതകർമ്മ സേന ഇപ്പോൾ പ്രവർത്തിക്കുന്നത്
- 2024 മാർച്ച് 31 ന് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 789/ 2023 ഉത്തരവ് പ്രകാരം ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതിയായി ഈടക്കാനുള്ള തീരുമാനം ആയി.

ഹരിത കർമ്മ സേന

- ഹരിത കർമ്മ സേന കൺസോർഷ്യം
- മൈക്രോ സംരംഭ ഗ്രൂപ്പുകൾ

പ്രവർത്തനം

യൂസർ ഫീ

വീടുകളിൽ നിന്നുള്ള അജൈവ മാലിന്യ ശേഖരണം (ഗ്രാമം) - 50 രൂപ

നഗരം - 70 രൂപ

കടകൾ -100 രൂപ

മാലിന്യങ്ങൾ കൂടുതലുള്ള പക്ഷം ചാക്ക് ഒന്നിന് 50 രൂപ കൂടുതൽ നൽകണം

വിവിധതരം യൂസർ ഫീ

- വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കുന്ന സേവന പ്രതിഫലത്തുക
- മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിക്കുന്ന സേവന പ്രതിഫലത്തുക
- സവിശേഷ പരിപാടികളുടെ ഭാഗമായി ശേഖരിക്കുന്ന സേവന പ്രതിഫല തുക
- പൊതുസ്ഥാപനങ്ങൾ ,പാർക്കുകൾ നിരത്തുകൾ തുടങ്ങിയവ ശുദ്ധീകരിക്കുന്നതിനുള്ള സേവന പ്രതിഫലത്തുക
- കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് പരിപാലനത്തിനുള്ള സേവന പ്രതിഫലത്തുക
- ഹരിത പെരുമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന സേവന പ്രതിഫലത്തുക

ഘടക സ്ഥാപനങ്ങളുടെ ചുമതലകൾ

- ഹരിത കേരളം മിഷൻ
- ശുചിത്വമിഷൻ
- കുടുംബശ്രീ മിഷൻ
- ക്ലീൻ കേരള കമ്പനി
- തൊഴിലുറപ്പ് മിഷൻ
- കേരളസംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡ്
- ഹരിത സഹായ സ്ഥാപനങ്ങൾ

പങ്കാളികളെ 5 ഗ്രൂപ്പായി തിരിക്കുന്നു താഴെ പരാമർശിച്ചിരിക്കുന്ന 5 പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി ഇടപെടുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തി അവതരിപ്പിക്കുന്നു

സെഷൻ-3

1. വിഷയം : ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ
2. ലക്ഷ്യം : പ്രശ്നങ്ങൾ മനസിലാക്കാൻ കഴിയുക:
3. സമയം : 45 മിനിട്ട് (ചർച്ച 45 മിനിട്ട്അവതരണം 30മിനിട്ട്, മാതൃക പ്രവർത്തന അവതരണം 15 മിനിട്ട്)

ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ	നേരിടുന്ന പ്രശ്നങ്ങൾ
മാലിന്യ ശേഖരണം	
മാലിന്യ നീക്കം സംഭരണം	
വരുമാനം	
റിസോഴ്സ് പേഴ്സൺ എന്ന നിയിൽ	
കണക്കുകളുടെ സൂക്ഷിപ്പ്	

മാലിന്യ ശേഖരണവും പരിപാലനവും നിയമങ്ങളും

സെഷൻ- 3

1. വിഷയം : മാലിന്യ ശേഖരണവും പരിപാലന നിയമങ്ങളും
2. ലക്ഷ്യം : ഈ സെഷന്റെ അവസാനം പരിശീലന പങ്കാളികൾക്ക് ചുവടെ പറയുന്നവ മനസിലാക്കാൻ കഴിയുക:
   - മാലിന്യ മുക്ത കേരളം നിയമപരമായ ഇടപെടൽ എങ്ങനെയെല്ലാം നടത്താം എന്ന് ബോധ്യപ്പെടുത്തുക
3. സമയം : 45മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും

നം.	വിഷയം	സമയം (മിനിറ്റ്)	രീതി	ഉപാധി
1	മാലിന്യ ശേഖരണവും പരിപാലന നിയമങ്ങളും	2	പങ്കാളിത്ത അവതരണം	സ്ലൈഡ്
2	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
3	അനിവാര്യ ചുമതലകൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
4	കേരള മുനിസിപ്പാലിറ്റി നിയമം അദ്ധ്യായം-16 സെക്ഷൻ 315-345 വരെ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
5	സെക്ഷൻ 317, 318, 326	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
6	334, 340, 345, 334 എ, 340 എ സെക്ഷനുകൾ വിശദീകരിക്കുന്നു	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
7	കേരളം പഞ്ചായത്ത് നിയമം അദ്ധ്യായം 20, സെക്ഷൻ 218, 219 എ മുതൽ എക്സ് വരെ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
8	കേരള പഞ്ചായത്ത് നിയമം സെക്ഷൻ 219 എച്ച്, 219 എസ്, 219 യു, 219 ടി വിശദീകരിക്കുന്നു.	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
9	പരിസ്ഥിതി സംരക്ഷണ നിയമം 1986 ചട്ടങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
10	പ്ലാസ്റ്റിക് മാലിന്യ പരിപാലന ബൈലോ-ഏപ്രിൽ 27/11/2019 ലെ ഉത്തരവ്	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
11	ഖരമാലിന്യ പരിപാലന ചട്ടം 2016-ഏപ്രിൽ 8 ലെ നയം, 37 ചട്ടങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്

12	സർക്കാർ ഉത്തരവുകൾ 5/5/2021-സഉ (ആർ ടി 949/21 വിഇഒ യുടെ ചുമതലകൾ 12/8/2020 ലെ 1496/2020 ഹരിത കർമ്മസേന മാർഗ്ഗനിർദ്ദേശം ഉത്തരവുകൾ വിശദമാക്കുന്നു (ബയോ മെഡിക്കൽ വേസ്റ്റ് സംഭരണം)	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
13	17-3-20 ലെ 639/2023 നമ്പർ ഉത്തരവ് പരസ്യബോർഡ് 17/2/19 ലെ 7/2019-ാം നമ്പർ ഉത്തരവ് ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് 6/1/2023 ലെ 41/2023-ാം യൂസർ ഫീ ഹൈക്കോടതി സ്പഷ്ടീകരണം നമ്പർ ഉത്തരവ് വിശദമാക്കുന്നു.	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
14	ഹരിത ടൈബ്യൂണൽ ഉത്തരവുകൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
15	എൻഫോഴ്സ്മെന്റ് ടീം രൂപീകരണം മാർഗ്ഗനിർദ്ദേശം	2	പങ്കാളിത്ത അവതരണം	സ്ലൈഡ്
16	സംഘത്തിന്റെ ഘടന	2	പങ്കാളിത്ത അവതരണം	സ്ലൈഡ്

കുറിപ്പ്

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങളും NGT ഉത്തരവുകളുമാണ് ഈ സെഷനിൽ ചർച്ച ചെയ്യുന്നത് സുസ്ഥിര വികസന കാഴ്ചപ്പാടോടെ, ലോകരാജ്യങ്ങൾ സമയബന്ധിതമായി മാലിന്യ പരിപാലന പ്രവർത്തനങ്ങളുമായി മുന്നേറുന്നു. ഒത്തിരി വികസന സൂചികകളിൽ രാജ്യത്തിനും ലോകത്തിനും മാതൃകയായിട്ടുള്ള നമ്മൾക്ക്, മാലിന്യ പരിപാലനത്തിൽ ഒരു പിന്നോട്ടുപോക്ക് ഉണ്ടായിക്കൂടാ; പരിസ്ഥിതി സൗഹൃദ കാഴ്ചപ്പാടോടെയുള്ള ഒരു രീതി ലോകത്തിനു മുൻപിൽ വയ്ക്കാൻ നമുക്ക് കഴിയണം. ചിട്ടയായി പ്രവർത്തനങ്ങൾ നടത്താൻ കഴിയുംവിധം നിയമങ്ങളുണ്ട് : സംസ്ഥാന സർക്കാർ വ്യക്തമായ നയവും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്, കാര്യങ്ങൾ എളുപ്പമാക്കും വിധം സർക്കാർ ഉത്തരവുകൾ ഉണ്ടാവുന്നുണ്ട്. എന്നിട്ടും മാലിന്യ പരിപാലനത്തെ ഗൗരവ തലത്തിൽ സമീപിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോഴുമുണ്ട്. വലിയ അളവിൽ പരിസ്ഥിതിക്ക് കോട്ടമുണ്ടാക്കും വിധം ജൈവാവശിഷ്ടങ്ങളും അജൈവ പാഴ് വസ്തുക്കളും കൈകാര്യം ചെയ്യുന്നു. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ വൻ പരാജയമാണെന്നാണ് ദേശീയഹരിത ട്രിബ്യൂണൽ വിലയിരുത്തൽ :നിയമം നടപ്പാക്കുന്നില്ല : നിയമനടപടികൾ സ്വീകരിക്കുന്നില്ല : അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നില്ല : പ്രവർത്തനങ്ങൾ നിയമപ്രകാരം ചിട്ടപ്പെടുത്താൻ തയ്യാറാവുന്നില്ല :
(സ്ലൈഡ് 1 ഉം 2 ഉം പ്രകാരം വിശദീകരിക്കുക.)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

മാലിന്യ പരിപാലനം LSGI കളുടെ അനിവാര്യ ചുമതല: പരിസ്ഥിതിക്ക് കോട്ടംതട്ടാതെ സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്താൻ LSGI കൾക്ക് കഴിയണം ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും സുരക്ഷിതമായി കൈകാര്യം ചെയ്യണം വഴിയോരങ്ങളിലും ജലസ്രോതസ്സുകളിലും ഒഴിഞ്ഞ സ്ഥലങ്ങളിലും വലിച്ചെറിയുന്നത് തടയുക തരം തിരിച്ച് ശേഖരിക്കുക ജൈവ അവശിഷ്ടങ്ങൾ

ഉറവിടത്തിൽ സംസ്കരിക്കുക മാലിന്യങ്ങൾ കത്തിക്കുന്നത് തടയുക അനധികൃതമായി വാഹനങ്ങളിൽ കൊണ്ടുപോകുന്നത് തടയുക ഹരിത കർമ്മസേനയെ രൂപപ്പെടുത്തുക ; നിയോഗിക്കുക ഹരിത സഹായ സ്ഥാപനത്തെ ഏർപ്പെടുത്തുക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക കേരള മുൻസിപ്പാലിറ്റി നിയമം അദ്ധ്യായം 16 കേരള മുൻസിപ്പാലിറ്റി ആക്റ്റിൽ 315 മുതൽ 345 വരെയുള്ള സെക്ഷനുകൾ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രതിപാദിക്കുന്നു. സെ. 315 മലിനജല സംസ്കരത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. 317, 318, 326, 336, 334, 334എ, 340, , 340എ, 345 എന്നിവ സ്ലൈഡ്പ്രകാരം വിശദീകരിക്കുക.

പരിസ്ഥിതി സംരക്ഷണ നിയമവും ചട്ടവും

പരിസ്ഥിതിയെ സംരക്ഷിച്ച് മെച്ചപ്പെടുത്തുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണ് പരിസ്ഥിതി സംരക്ഷണ നിയമം 1986 ന്റെ ലക്ഷ്യം. 1986 നവംബർ 19 ന് നിയമം പ്രാബല്യത്തിൽ വന്നു. ഇതിൻ പ്രകാരമുള്ള എല്ലാ പ്രവർത്തനാധികാരങ്ങളും കേന്ദ്ര ഗവണ്മന്റിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സ്ലൈഡ് പ്രകാരമുള്ള കാര്യങ്ങളും വിശദീകരിക്കാം.

കേരള പഞ്ചായത്ത് രാജ് നിയമം

വകുപ്പ് 219 എ മുതൽ എക്സ് വരെ കർത്തവ്യങ്ങൾ ചുമതലകൾ അധികാരങ്ങൾ സംവിധാനങ്ങൾ ഏർപ്പെടുത്തൽ ഉടമസ്ഥരുടെയും താമസക്കാരുടെയും ബാധ്യതകൾ മാലിന്യം നീക്കം ചെയ്യൽ ഉറവിട മാലിന്യ സംസ്കരണം കുറ്റങ്ങളും ശിക്ഷകളും എന്നിവ വ്യക്തമായി പ്രതിപാദിക്കുന്നു. സ്ലൈഡിലെ വിവരങ്ങൾ കൂടി വിശദീകരിക്കാം ജില്ലാ തല എൻഫോഴ്സ്മെന്റ് സ്ക്വാഡ്* GO യും ഘടനയും സ്ലൈഡ് പ്രകാരം അവതരിപ്പിക്കാം സർക്കാർ ഉത്തരവുകൾ ഉത്തരവുകളിലെ വിഷയങ്ങൾ സ്ലൈഡിലുള്ളതു പോലെ അവതരിപ്പിക്കാം.

മാലിന്യ ശേഖരണവും പരിപാലനവും നിയമങ്ങളും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

- മാലിന്യ നിർമ്മാർജ്ജനം - അനിവാര്യ ചുമതല.
- മാലിന്യ പരിപാലനം തസ്വഭവ നടപടി സ്വീകരിക്കണം
- കാലാകാലം യുക്തമായതും സ്വീകാര്യമായതും നിയമപരമായതുമായ മാർഗ്ഗം അവലംബിക്കണം.
- ദ്രവ മാലിന്യങ്ങൾ സുരക്ഷിതമായി കൈയ്യൊഴിയുന്നതിനുള്ള നടപടികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

- അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക
- അലക്ഷ്യമായി വലിച്ചെറിയൽ തടയുക
- തരംതിരിച്ചുള്ള ശേഖരണം നടപ്പാക്കുക
- ഉറവിട സംസ്കരണം നടപ്പാക്കുക
- മാലിന്യങ്ങൾ കത്തിക്കുന്നത് തടയുക
- ജലാശയങ്ങളിലേക്ക് ഒഴുക്കി വിടുന്നത് തടയുക
- മതിയായ കക്കൂസ് സംവിധാനം ഉറപ്പാക്കുക
- മാലിന്യങ്ങൾ അനധികൃതമായി വാഹനങ്ങളിൽ കൊണ്ടുപോകൽ തടയുക
- ഭക്ഷണം പാകം ചെയ്യുന്ന സ്ഥലങ്ങളിലെ മാലിന്യവും ശുചിത്വമില്ലായ്മയും ഒഴിവാക്കുക

കേരള മുനിസിപ്പാലിറ്റി നിയമം

അധ്യായം 16

സെക്ഷൻ 315 മുതൽ 345 വരെ.

കേരള മുനിസിപ്പാലിറ്റി നിയമം

317 – സ്വകാര്യ വ്യക്തിയുടെ വസ്തുവിൽക്കൂടി അഴുക്കുചാലുകൾ കൊണ്ടുപോകുന്നതിനും നീർവ്വാർച്ച പുനഃസ്ഥാപിക്കാനുമുള്ള അധികാരം

318 – അനുമതിയില്ലാതെ മെയിനുകളിലേക്ക് കണക്ഷൻ ഉണ്ടാക്കുന്നതിനെതിരെയുള്ള നിരോധനം (₹ 5000)

326 – മാലിന്യം നീക്കം ചെയ്യുന്നതിലുള്ള ഉത്തരവാദിത്വം

336 – പരിസരത്ത് 24 മണിക്കൂറിൽ കൂടുതൽ മാലിന്യം കൂടിക്കിടക്കാൻ അനുവദിക്കൽ - (₹ 1000)

കേരള മുനിസിപ്പാലിറ്റി നിയമം

സെക്ഷൻ 334 - ഗാർഹികേതര സ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ തയ്യാറാകാത്തത് -(₹10000 രൂപ പിഴ)

സെക്ഷൻ 340 - മാലിന്യവും ചവറും കെട്ടിടാവശിഷ്ടവും പൊതുസ്ഥലത്ത് വലിച്ചെറിയൽ (₹ 2000 – 250 സ്പോട്ട് ഫൈൻ)

സെക്ഷൻ 345 - ചവറോ, ഖരമാലിന്യമോ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിക്ഷേപിക്കലും വലിച്ചെറിയലും - (₹ 2000

സെക്ഷൻ 334 എ - മാലിന്യം തരംതിരിച്ച് ശേഖരിക്കണം, ഉറവിട മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തണം. - (₹ 50000

സെക്ഷൻ 340 എ - ചവറോ, മാലിന്യമോ, വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിൽ നിക്ഷേപിക്കൽ - (₹ 25000)

കേരള പഞ്ചായത്ത് രാജ് നിയമം

അധ്യായം 20

പൊതു രക്ഷയും സൗകര്യവും ആരോഗ്യവും.

സെക്ഷൻ 218, 219 എ മുതൽ എക്സ് വരെ.

കേരള പഞ്ചായത്ത് രാജ് നിയമം

219 h – ഗാർഹികേതര സ്ഥലങ്ങളിലെ മാലിന്യം നീക്കം ചെയ്യാൻ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിന്റെ ഉത്തരവാദിത്വം (₹ 10000)

219 s - ചവറോ, മാലിന്യമോ, വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിൽ നിക്ഷേപിക്കൽ - (₹ 25000)

219 u - മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ കൊണ്ടുപോകുന്ന വാഹനം പിടിച്ചെടുക്കൽ, കണ്ടുകെട്ടൽ

കേരള പഞ്ചായത്ത് രാജ് നിയമം

219 t - ആക്ടിൽ 219 എ മുതൽ എക്സ് വരെ. നിരോധിക്കപ്പെട്ട കാര്യങ്ങൾ ചെയ്താൽ - (കുറഞ്ഞത് ₹ 500 മുതൽ ₹ 2000 വരെ പിഴ)

(Eg. മാലിന്യം പൊതു നിരത്തിൽ നിക്ഷേപിക്കുന്നത്, കൂടിക്കിടക്കാൻ അനുവദിക്കുന്നത്, സുരക്ഷിതമായി നിർദ്ദേശ പ്രകാരം സംസ്കരിക്കാതിരിക്കുന്നത്, ബഹിർഗ്ഗമിക്കാൻ അനുവദിക്കുന്നത് etc.)

എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് - 1986 പ്രകാരമുള്ള കേന്ദ്ര ചട്ടങ്ങൾ

ഖരമാലിന്യ പരിപാലന ചട്ടം - 2016

പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം - 2016

ഇലക്ട്രോണിക് മാലിന്യ പരിപാലന ചട്ടം - 2016

ബയോ മെഡിക്കൽ വേസ്റ്റ് പരിപാലന ചട്ടം - 2016

നിർമ്മാണ - പൊളിക്കൽ മാലിന്യ പരിപാലന ചട്ടം - 2016

അപായസാദ്ധ്യതാ മാലിന്യ പരിപാലന ചട്ടം - 2016

പ്ലാസ്റ്റിക് മാലിന്യ പരിപാലന ബൈലോ

- പരിസ്ഥിതി വകുപ്പിന്റെ സ.ഉ(കൈ) നം. 6/2019/ പരി. 27/11/2019 ലെ ഉത്തരവിലെ മാതൃകാ ബൈലോ
- ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക്കുകൾ, 50 മൈക്രോണിന് താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ എന്നിവയ്ക്ക് നിരോധനം.
- ജൂലൈ 1, 2023 മുതൽ 120 മൈക്രോൺ വരെ പ്ലാസ്റ്റിക് കേന്ദ്രം നിരോധിച്ചു. ബൈലോ ഭേദഗതി ചെയ്യണം.
- പ്ലാസ്റ്റിക് കത്തിക്കലിന് നിരോധനം
- പിഴ : ആദ്യ തവണത്തെ ലംഘനത്തിന് 10,000/- രണ്ടാം തവണ 25,000/- മൂന്നാം തവണ 50,000/- തുടർ ലംഘനം ലൈസൻസ് റദ്ദാക്കൽ

ഖരമാലിന്യ പരിപാലന ചട്ടം

- ഖരമാലിന്യ പരിപാലന ചട്ടം - 2016 - ഏപ്രിൽ 8, 2016
- കേരള സർക്കാർ ഖരമാലിന്യ പരിപാലനം നയം - സെപ്റ്റംബർ 13, 2018
- ആകെ 25 റൂളുകൾ ഉള്ളതിൽ റൂൾ 15 ലാണ് തദ്ദേശ സ്ഥാപനങ്ങളുടെ (സെൻസസ് ടൌണുകളുടെയും അർബൻ അഗ്ലോമറേഷനുകളുടെയും) ഉത്തരവാദിത്വങ്ങൾ വിവരിക്കുന്നത്.
- റൂൾ 15 a മുതൽ z വരെയും za മുതൽ zk വരെയുമുള്ള ആകെ 37 ഉപചട്ടങ്ങളിലായാണ് ഈ ഉത്തരവാദിത്വങ്ങൾ വിശദീകരിക്കുന്നത്.
- റൂൾ 22 - ൽ ഈ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള സമയക്രമം നിശ്ചയിച്ചിരിക്കുന്ന പട്ടിക ഉൾക്കൊള്ളിച്ചിരിക്കുന്നു.
- ഈ സമയക്രമം പാലിക്കാത്തിനാലാണ് NGT പിഴ ഈടാക്കുന്നത്

സർക്കാർ ഉത്തരവുകൾ

- സ.ഉ(ആർ.ടി) 949/2021/LSGD Dated 05/05/2021 (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഉത്തരവാദിത്തങ്ങൾ)
- സ.ഉ.(സാധാ) നം.1496/2020/ത.സ.ഭ.വ തീയതി 12/08/2020 (ഹരിത കർമ്മ സേന മാർഗ്ഗരേഖ)
- സ.ഉ(ആർ.ടി) 1227/2022/LSGD Dated 16/05/2022 (ബയോ മെഡിക്കൽ മാലിന്യം ശേഖരണം)

സർക്കാർ ഉത്തരവുകൾ

- സ.ഉ(ആർ.ടി) 639/2023/LSGD Dated 17/03/2023 (പരസ്യബോർഡുകൾ ഏകീകരിച്ച മാർഗ്ഗനിർദ്ദേശം)
- സ.ഉ(എം.എസ്) 7/2019/പരി Dated 17/12/2019 (ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് സ്പഷ്ടീകരണം)
- സ.ഉ(ആർ.ടി) 41/2023/LSGD Dated 06/01/2023 (യൂസർ ഫീ സ്പഷ്ടീകരണം) കോടതി ഉത്തരവ് WPC 7844/ 2023 - ബഹു കേരള ഹൈക്കോടതി
- സ.ഉ(ആർ.ടി) 658/2023/LSGD Dated 21/03/2023 (ഹൈക്കോടതി നിർദ്ദേശം-ഖരമാലിന്യചട്ടം പ്രചാരണ പ്രവർത്തനങ്ങൾ)

ഹരിത ട്രൈബ്യൂണൽ ഉത്തരവുകൾ

- NGT OA No. 606/2018 - ഖരമാലിന്യ പരിപാലന ചട്ടം നടപ്പാക്കൽ – 100% വാതിൽപ്പടി ശേഖരണം, ഖരമാലിന്യ പരിപാലന പ്ലാന്റ് സ്ഥാപിക്കൽ, യൂസർ ഫീ ശേഖരണം മുതലായവ
- NGT OA No. 673/2018 - രാജ്യത്തെ മലിനീകരണം നേരിടുന്ന നദികളിൽ 21 നദികൾ കേരളത്തിലാണ്. അതിലെ ഫീക്കൽ കോളീഫോം ബിഒഡി സിഒഡി അളവുകൾ കുറച്ച് കുളിക്കാനുള്ള ഗുണത്തിലേക്കെങ്കിലും എത്തിക്കണം.
- OA 100/2021 - തൃശ്ശൂർ, പാലക്കാട് മുതലായ മുനിസിപ്പാലിറ്റികളിൽ നിന്നും കടത്തിവിട്ട മാലിന്യം തെങ്കാശിയിൽ നിക്ഷേപിച്ച കേസ്. മാലിന്യം കയറ്റിവിടുന്ന കമ്പനികൾ അംഗീകാരമുള്ളതാകണം.

ഹരിത ട്രൈബ്യൂണൽ ഉത്തരവുകൾ

- NGT OA No. 147/2022 - അഷ്ടമുടി - വേമ്പനാട് തണ്ണീർത്തടങ്ങൾ മലിനീകരണം. ഉത്തരവാദികൾ അവയുടെ പരിസരങ്ങളിലുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ്. അവിടങ്ങളിൽ സീവേജ് - സെപ്റ്റേജ് സംവിധാനം ഒരുക്കണം. അനധികൃത മാലിന്യ - മലിനജല പുറംതള്ളൽ / നിക്ഷേപം ഒഴിവാക്കണം.
- NGT OA No. 395/2013 - പെരിയാറിന്റെ മലിനീകരണവുമായി ബന്ധപ്പെട്ട കേസ്. പെരിയാർ തടത്തിലുള്ള തദ്ദേശ സ്ഥാപനങ്ങൾ ഉത്തരവാദികളാണ്.
- NGT OA No.141/2021 തൃപ്പൂണിത്തുറ കോന്നോത്ത് പുഴ മലിനീകരണം
- NGT OA No. 272021 - കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി കനാൽ, തേവര പേരണ്ടൂർ കനാൽ മലിനീകരണം

ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ്

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം :

G.O.(Rt)No.2566/2022/LSGD തീയതി 22-10-2022

ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ് – ഘടന

ചെയർമാൻ - ജില്ലാ ജോയിന്റ് ഡയറക്ടർ

നോഡൽ ഓഫീസർ - ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ

ടീം ലീഡർ - പെർഫോർമൻസ് ഓഡിറ്റ് സൂപ്രണ്ട്.

അംഗങ്ങൾ - മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് വകുപ്പ്

കാലാവധി - ഓരോ 6 മാസവും

പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, വയനാട്, കാസർഗോഡ് -1 വീതം സ്ക്വാഡ്

മറ്റു ജില്ലകളിൽ 2 സ്ക്വാഡ് (നോർത്ത്, സൗത്ത്)

നന്ദി

ആക്ടിവിറ്റി
സെഷൻ-4

ഹരിത സേനാംഗങ്ങളുടെ ആരോഗ്യപരിരക്ഷ സുരക്ഷാ മുൻകരുതലുകളും സാമൂഹിക സുരക്ഷയും

ഗ്രൂപ്പ് അവതരണം

ക്ലാസ്സിലെ അംഗങ്ങളെ നാലോ അഞ്ചോ ഗ്രൂപ്പുകളായി തിരിക്കുന്നു. A4 ഷീറ്റ് നൽകി നിലവിൽ നേരിടുന്ന മാലിന്യവുമായി ബന്ധപ്പെട്ടും അല്ലാതെയും നേരിടുന്ന ആരോഗ്യ പരിരക്ഷ സുരക്ഷാ പ്രശ്നങ്ങൾ ലിസ്റ്റ് ചെയ്യുവാൻ ആവശ്യപ്പെടുന്നു. (20 മിനിറ്റ് സമയം)

ഓരോ ഗ്രൂപ്പും അവതരണം നടത്തുന്നു (10 മിനിറ്റ് സമയം). ചാർട്ട് പേപ്പറിൽ എഴുതി ക്രോഡീകരിക്കുന്നു. ചുവടെ പറയുന്ന വിധത്തിൽ 5 മേഖലകളായിട്ട് ഗ്രൂപ്പിൽ കണ്ടെത്തിയ ആരോഗ്യപ്രശ്നങ്ങളെ ഫെസിലിറ്റേറ്റർ ക്രോഡീകരിക്കുന്നു.

ലക്ഷ്യങ്ങൾ	പ്രവർത്തനങ്ങൾ
പകർച്ചവ്യാധികൾ പിടിപെടാതിരിക്കുവാൻ	
രോഗങ്ങൾ വഷളാകാത്തിരിക്കുവാൻ	
തൊഴിൽന്യ രോഗങ്ങൾ പിടിപെടാതിരിക്കുവാൻ	
അപകട സാധ്യതകൾ-മുൻകരുതലുകൾ	
അടിയതര ഘട്ടങ്ങളിൽ പ്രഥമ ശുശ്രൂഷ ഉറപ്പാക്കുവാൻ	

തുടർന്ന് പവർ പോയന്റ് അവതരണം

ഹരിതകർമ്മ സേനാംഗങ്ങളുടെ ആരോഗ്യപരിരക്ഷ- സുരക്ഷാ മുൻകരുതലുകളും സാമൂഹ്യ സുരക്ഷയും

സെഷൻ-4

1. വിഷയം : ഹരിതകർമ്മ സേനാംഗങ്ങളുടെ ആരോഗ്യപരിരക്ഷ - സുരക്ഷാ മുൻകരുതലുകളും സാമൂഹ്യ സുരക്ഷയും
2. ലക്ഷ്യം : ഈ സെഷന്റെ അവസാനം പരിശീലന പങ്കാളികൾക്ക് ചുവടെ പറയുന്നവ മനസിലാക്കാൻ കഴിയുക:
   - മാലിന്യമുക്ത കേരളം നിയമപരമായ ഇടപെടൽ എങ്ങനെയെല്ലാം നടത്താം എന്ന് ബോധ്യപ്പെടുത്തുക
3. സമയം : 45 മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും:

നം.	വിഷയം	സമയം (മിനിറ്റ്)	രീതി	ഉപാധി
1	ആരോഗ്യപരിരക്ഷ- സുരക്ഷാ മുൻകരുതലുകൾ എന്തിന്	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
2	പകർച്ച വ്യാധികൾ പിടിപെടാതിരിക്കാൻ; ജലജന്യരോഗങ്ങൾ, കൊതുകുജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ചെള്ളുപനി (സ്ക്രബ്ബ് ടൈഫസ്), വ്യക്തി ശുചിത്വം	5	പങ്കാളിത്ത അവതരണം	സ്ലൈഡ്
3	രോഗങ്ങൾ വഷളാകാതിരിക്കുവാൻ; ക്ഷയരോഗം, ജീവിതശൈലി രോഗങ്ങൾ etc	5	പങ്കാളിത്ത അവതരണം	സ്ലൈഡ്
4	തൊഴിൽജന്യ രോഗങ്ങൾ പിടിപെടാതിരിക്കുവാൻ-സുരക്ഷിതമായ തൊഴിലിടങ്ങൾ	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
5	പ്രഥമ ശുശ്രൂഷ ; പട്ടികടി/പേവിഷബാധ, പാമ്പുകടി, അപസ്മാരം, അപകടങ്ങൾ/ മുറിവ് etc	5	പങ്കാളിത്ത അവതരണം	സ്ലൈഡ്
6	വ്യക്തി സുരക്ഷാസംവിധാനങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
7	പ്രഥമ ശുശ്രൂഷ കിറ്റ്	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
8	ആരോഗ്യകരമായ ജോലി സ്ഥലം	5	പങ്കാളിത്ത അവതരണം	സ്ലൈഡ്
9	യന്ത്ര സാമഗ്രികളുടെ ഉപയോഗം മുൻകരുതലുകൾ .	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
10	ഹെൽത്ത് ഇൻഷുറൻസ്	3	പങ്കാളിത്ത അവതരണം	സ്ലൈഡ്

ഹരിതകർമ്മ സേനാംഗങ്ങളുടെ ആരോഗ്യപരിരക്ഷ- സുരക്ഷാ മുൻകരുതലുകളും സാമൂഹ്യ സുരക്ഷയും ഗ്രൂപ്പ് ആക്ടിവിറ്റിയിൽ കണ്ടെത്തിയ പ്രധാനപ്പെട്ട പ്രശ്നങ്ങളെ പ്രധാനമായി 5 മേഖലകളായി തിരിച്ച് ക്രോഡീകരിച്ചതാണ് സ്ലൈഡിൽ ഉള്ളത്

ജലജന്യരോഗങ്ങൾ

വയറിളക്കം

സാധാരണയിൽ നിന്നും വ്യത്യസ്തമായി മലം അഴിഞ്ഞുപോകുന്ന അവസ്ഥ. ഇത് മൂലം ശരീരത്തിൽ നിന്നും ജലവും ലവണങ്ങളും നഷ്ടപ്പെട്ട് നിർജ്ജലീകരണം സംഭവിയ്ക്കുന്നു. രോഗാണുബാധയാണ് ഇതിന്റെ പ്രധാന കാരണം. കുട്ടികളിൽ ശിശുക്കളിൽ ഉണ്ടാകുന്ന വയറിളക്കം പലപ്പോഴും മരണത്തിന് കാരണമാകാറുണ്ട്. പാനീയചികിത്സയിലൂടെ വയറിളക്കം തടയാവുന്നതാണ്.

മഞ്ഞപിത്തം

മലിനമായ ജലം അഥവാ ഭക്ഷണം വഴി ശരീരത്തിലെത്തുന്ന ഹെപ്പറ്റൈറ്റിസ്-എ, ഹെപ്പറ്റൈറ്റിസ്-ഇ എന്നീ വിഭാഗത്തിൽപ്പെട്ട വൈറസുകളാണ് രോഗമുണ്ടാക്കുന്നത്. കരളിനെ ബാധിക്കുന്നതിനാൽ അപകടകരമായ അവസ്ഥയിലേക്ക് പോകുവാൻ ഇടയുണ്ട്വയറിളക്കം, മൂത്രത്തിന് മഞ്ഞനിറം കണ്ണിന്റെ വെള്ളയിലും മഞ്ഞനിറം, ഓർക്കാനം, ഛർദ്ദി, ക്ഷീണം പനി എന്നിവ ആദ്യലക്ഷണങ്ങൾ ആയിട്ടുണ്ട് ഉണ്ടാകാം. മറ്റു ചികിത്സകൾ ഒഴിവാക്കേണ്ടതാണ്. കൊഴുപ്പ് കുറഞ്ഞ ആഹാരം മാത്രം ഉപയോഗിക്കുക ശരിയായി വിശ്രമിക്കുക.

ടൈഫോയിഡ്

സാൾമൊണല്ലാ ടൈഫീ വിഭാഗത്തിൽപ്പെട്ട ബാക്ടീരിയകളാണ് രോഗകാരണം ചെറുകുടലിനെയാണ് രോഗം ബാധിക്കുന്നത് വയറുവേദന, പനി, വയറിളക്കം ഛർദ്ദി, തലവേദന, തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടാവാം. ലാബ് പരിശോധന വഴി രോഗം സ്ഥിരീകരിക്കാവുന്നതാണ്. നിർദ്ദേശിക്കപ്പെട്ട കാലത്തേക്ക് ആന്റീബയോട്ടിക്കുകൾ കഴിക്കണം. വിശ്രമം അത്യാവശ്യം വ്യക്തിശുചിത്വം പാലിക്കുക വഴി രോഗപ്പകർച്ച തടയാവുന്നതാണ്.

കോളറ

കഞ്ഞി വെള്ളം പോലെ മലം അയഞ്ഞു പോകുന്ന അവസ്ഥ ചർദ്ദിൽ വയറിളക്കം, പേശി ക്ലമം നിർജലീകരണം എന്നിവ ഉണ്ടാകാം. വിബ്രിയോ കോളറ എന്ന രോഗാണുവാണ് രോഗകാരി വളരെ വേഗത്തിൽ തന്നെ രോഗവ്യാപനം നടക്കുവാൻ ഇടയുണ്ട് എത്രയും പെട്ടെന്ന് പാനീയ ചികിത്സയും വൈദ്യസഹായവും ലഭ്യമാക്കുകയാണ് ചെയ്യേണ്ടത്.

വിരബാധ

മലിനീകരിക്കപ്പെട്ട ജലം അഥവാ ഭക്ഷണം എന്നിവയിലൂടെ വിരകളുടെ മുട്ടകൾ അഥവാ സ്പോറുകൾ എന്നിവആമാശയത്തിലേക്ക് എത്തുന്നു. വ്യക്തി ശുചിത്വംപാലിക്കാതെ ആഹാരവും വെള്ളവും കഴിക്കുമ്പോൾ രോഗബാധയുണ്ടാകുന്നത്.

പ്രതിരോധമാർഗം

- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക
- കിണർ ക്ലോറിനേഷൻ നടത്തുക
- തുറന്നുവെച്ചതുംപഴകിയതുമായ ഭക്ഷണം കഴിക്കാതിരിക്കുക
- ഭക്ഷണത്തിന് മുമ്പും ശൗച്യത്തിന് ശേഷവും കൈകൾ സോപ്പിട്ട് കഴുകുക
- നഖങ്ങൾ യഥാസമയം വെട്ടിമാറ്റുക

- കിണറും മലിനീകരണ സ്രോതസ്സും തമ്മിൽ വേണ്ടത്ര അകലമുണ്ട് എന്ന് ഉറപ്പുവരുത്തുക.

കൊതുകുജന്യ രോഗങ്ങൾ

ഡെങ്കിപ്പനി

ശുദ്ധജലത്തിൽ മുട്ടയിട്ട് പെരുകുന്ന ഈഡിസ് കൊതുകുകളാണ് രോഗം പരത്തുന്നത്പനി ശരീരവേദന നേത്ര ഗോളത്തിന് പിന്നിൽ നിന്നും ഉണ്ടാകുന്ന വേദന, നുറുങ്ങുന്ന പോലെയുള്ള വേദന, രക്തസ്രാവം, ഷോക്ക് എന്നിവയാണ് പ്രധാനപ്പെട്ട ലക്ഷണങ്ങൾവൈറസ് ആണ് രോഗകാരി.

ഡെങ്കിപ്പനി പ്രധാനമായും നാലു തരത്തിലാണ് ഉള്ളത്. അവയിൽ ഡെങ്കൃ ഹെമറേജിക് ഫീവർ, ഡെങ്കൃ ഷോക്ക് സിൻഡ്രോം എന്നിവ മാരകമാണ്. കൊതുകുജന്യ രോഗമായതിനാൽരോഗനിയന്ത്രണത്തിന് കൊതുകിന്റെ ഉറവിട നശീകരണം, ഫോഗിങ്ങ്, സ്പ്രേയിംഗ് എന്നിവനടത്തി രോഗ പകർച്ച തടയാം.

വ്യക്തി സുരക്ഷ: കൊതുക് വലഉപയോഗിക്കുക, ഓഡോമൊസ്/ലേപനങ്ങൾ പുരട്ടുക എന്നിവയാണ് പ്രധാന വ്യക്തിസുരക്ഷാമാർഗ്ഗങ്ങൾ.

മലമ്പനി

ശുദ്ധജലസ്രോതസ്സുകളിൽ വളരുന്ന അനോഫിലിസ് വർഗ്ഗത്തിൽപ്പെട്ട പെൺകൊതുകുകളാണ് രോഗം പരത്തുന്നത്. രോഗകാരി പ്ലാസ്മോഡിയം വിഭാഗത്തിൽപ്പെട്ട പാരസൈറ്റുകളാണ്. (പ്രോട്ടോസോവ) രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നും വരുന്നവർക്ക് മലമ്പനിബാധ ഉണ്ടാവാറുണ്ട്. മലമ്പനി പ്രധാനമായും നാലു തരത്തിലുണ്ട്.

- പ്ലാസ്മോഡിയം വൈവാക്സ്
- ക്ലാസ് മോഡൽ ഒവൈൽ
- പ്ലാസ്മോഡിയം മലേറിയ
- പ്ലാസ്മോഡിയം ഫാൽ സിപ്പാരം

ഫാൽസിപ്പാരം മലമ്പനി മാരകമാണ്. വിറയലോടുകൂടിയ പനിയാണ് പ്രധാന ലക്ഷണം തലവേദനയും ഛർദ്ദിയും ഉണ്ടാവാം.

ജാപ്പാനീസ് എൻസഫലൈറ്റിസ് അഥവാ മസ്തിഷ്കജ്വരം

വിഷ്ണുവായ് - വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണ് രോഗം പരത്തുന്നത്. രോഗത്തിന്റെ ഉറവിടങ്ങൾ താറാവ്, പന്നി, മറ്റു പക്ഷികൾ. JE എന്ന രോഗം മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് രോഗം പകരില്ല.

രോഗലക്ഷണങ്ങൾ: പനി, തലവേദന, ബോധക്ഷയം ഓർമ്മക്കുറവ്, ചർദ്ദി, വയറിളക്കംഎന്നിവയാണ്. JE വാക്സിൻ ഇപ്പോൾ ലഭ്യമാണ് ആലപ്പുഴയിലും തിരുവനന്തപുരത്തും പ്രതിരോധ ചികിത്സാ പട്ടിക പ്രകാരം ഇവർ നൽകുന്നുണ്ട്.

ചിക്കുൻഗുനിയ

ഈഡിസ് കൊതുകുകളാണ് രോഗം പരത്തുന്നത്ആൽഫ വൈറസാണ് രോഗകാരണം.

രോഗ ലക്ഷണങ്ങൾ: - പനി, ശരീരവേദന, തലവേദന പേശിവേദന, നടക്കാൻ പ്രയാസം ശരീരം വളഞ്ഞു പോകുന്നു. കുട്ടികളിൽ രോഗ തീവ്രത കാണുന്നില്ല. മുതിർന്നവരിൽ വലിയ ശാരീരിക പ്രശ്നങ്ങൾക്ക് ഇടയാക്കുന്നത് തൊഴിൽ ചെയ്യാൻ പറ്റാത്ത അവസ്ഥയ്ക്ക് കാരണമാവുന്നു.

രോഗം ഭേദപ്പെട്ടാലും വർഷങ്ങളോളം ശരീര വേദന നീണ്ടു നിൽക്കാം. ശരീരത്തിൽ കറുത്ത പാടുകൾ പ്രത്യക്ഷപ്പെടുന്ന ഉറവിട നശീകരണം, ഫോഗിംങ്ങ്, സ്പ്രേയിംഗ് എന്നിവയാണ് പ്രധാനപ്പെട്ട പ്രതിരോധമാർഗങ്ങൾ.

വ്യക്തി സുരക്ഷ: കൊതുക് വല ഉപയോഗം, ലേപനങ്ങൾ പുരട്ടുക എന്നിവയാണ്.

മന്ത്

കേരളത്തിൽ നിർമ്മാർജന ഘട്ടത്തിലെത്തിയ ഒരു രോഗമാണ് മന്ത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവരിൽ നിന്നും സ്വീകരിക്കുന്ന രക്ത സാംപിളുകളിൽ നല്ല ശതമാനത്തിലും മൈക്രോ ഫൈലേറിയ യുടെ സാന്നിധ്യമുണ്ട്. രോഗം പരത്തുന്നത് ക്യൂലക്സ്, മാൻസോണിയ വിഭാഗത്തിൽപ്പെട്ട പെൺകൊതുകുകളാണ്.

രോഗകാരി: മൈക്രോ ഫൈലേറിയ വിര.

രോഗലക്ഷണം: പനി (വിറയലോടുകൂടിയ പനി)കഴല വീക്കം എന്നിവയാണ് ആദ്യ ലക്ഷണം രോഗം സങ്കീർണമാകുമ്പോൾ കൈകാലുകളും വൃഷണം, സ്തനം തുടങ്ങിയവയിൽ വീക്കം അനുഭവപ്പെടുന്ന അഥവാ എലിഫൻറിയാസിസ്എന്ന അവസ്ഥയിലേക്ക് മാറുന്നു. സാമൂഹ ഔഷധചികിത്സ അഥവാ (DEC + Albandazoleമാസ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ) MDAവഴിയാണ് രോഗപ്പകർച്ച തടഞ്ഞുനിർത്തിയത്. നിർമാർജനത്തിൽ എത്താൻ ഇത് സഹായകമായി മലിനജലത്തിലും പിസ്റ്റിയ പ്ലാന്റ് കളിലുമാണ് പ്രധാനമായും കൊതുക് പ്രജനനംനടത്തി വളരുന്നത്.

എലിപ്പനി

ജന്തുജന്യരോഗങ്ങളിൽ പ്രധാനപ്പെട്ടതാണ് എലിപ്പനി.

രോഗാണു : ലെപ്റ്റോസ്പൈറ ഇക്ടോ ഹെമറേജിക്ക എന്നഒരുതരം ബാക്ടീരിയയാണ് രോഗകാരി. പകരുന്ന വിധം –മുറിവിലൂടെ - രോഗവാഹകരായഎലി, പട്ടി, പൂച്ച, കന്നുകാലികൾ അണ്ണാൻ, മുയൽ തുടങ്ങിയ ജീവികളുടെ മൂത്രം കലർന്ന വെള്ളത്തിൽ നിന്നും ശരീരത്തിലുള്ള മുറിവുകൾ/പോറലുകൾ/ ശ്ലേഷ്മ ചർമ്മംഎന്നിവ വഴിയാണ് രോഗാണു ശരീരത്തിൽ പ്രവേശിക്കുന്നത്. ബീജ ഗർഭകാലം 4 മുതൽ 12 ദിവസം വരെ ആകാം.

രോഗലക്ഷണം: പനി, ശരീരവേദന, പുറംവേദന, പേശിവേദന, നേത്ര ഗോളത്തിന് പിന്നിൽനിന്നും ഉള്ള വേദന, കൈകാലുകളുടെ വേദന എന്നിവ ആദ്യഘട്ടത്തിലും യഥാസമയം ചികിത്സലഭിച്ചില്ലെങ്കിൽ ആന്തരിക അവയവങ്ങളെ ബാധിച്ച് മഞ്ഞപ്പിത്തം, നീർവീക്കം, വൃക്കപരാജയം ഹൃദയാഘാതം, എന്നിവയും ഉണ്ടാകാം. മുൻകൂറായി ഡോക്സിസൈക്ലിൻ 200 മില്ലിഗ്രാം ആഴ്ചയിൽ ഒരു പ്രാവശ്യം കഴിച്ചാൽ ഈ രോഗത്തിൽ നിന്നും രക്ഷനേടാം. തൊഴിലുറപ്പ്, ഹരിത കർമ്മ സേന അംഗങ്ങൾ, കൈതച്ചക്ക കൃഷിക്കാർ, കന്നുകാലികളെ പരിപാലിയ്ക്കുന്നവർ, പാടത്ത് പണിയെടുക്കുന്നവർ. മലിനജലത്തിൽ/ചെളിയിൽ/കെട്ടി കിടക്കുന്ന വെള്ളത്തിൽ ജോലി ചെയ്യുന്നവർ രോഗസാധ്യത ഉള്ളവരാണ്. എലിപ്പനിയ്ക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാണ് സ്വയംചികിത്സ, മദ്യപാനം, മറ്റ് അസുഖങ്ങൾ എന്നിവ മരണത്തിന് കാരണം ആകാം.

പ്രതിരോധമാർഗങ്ങൾ

- ശരിയായ മാലിന്യ സംസ്കരണം
- ഭക്ഷ്യമാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുക
- സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുക – കയ്യുറ, ഗംബൂട്ട് എന്നിവ ഉപയോഗിക്കുക
- ശരീരത്തിൽ മുറിവുകൾ ഉള്ളവർ കുഴിനഖം ഉള്ളവർ ചെളി/മലിന ജലത്തിൽ ഇറങ്ങി ജോലി ചെയ്യുക. കന്നുകാലികളെ പരിചരിക്കുക മുതലായവ ചെയ്യാൻ പാടില്ല

പട്ടി കടി/പേവിഷബാധ

100% മരണനിരക്ക് ഉള്ള ഒരു രോഗമാണ് റാബീസ്. ഫലപ്രദമായി തടയാൻ ഉള്ള IDRV വാക്സിൻ, ഇമ്യൂണോഗ്ലോബുലിൻ എന്നിവ ലഭ്യമാണ്.

പട്ടി കടിയേറ്റാൽ ഉടനെ എന്ത് ചെയ്യണം

- സോപ്പും വെള്ളവും സോപ്പും ഉപയോഗിച്ച് ഒഴുകുന്ന വെള്ളത്തിൽ 15 മിനിറ്റെങ്കിലും നന്നായി കഴുകുക.
- അടിയന്തര വൈദ്യസഹായം ലഭ്യമാക്കുക.) പ്രിവന്റീവ് ക്ലിനിക്കുകൾ/സി. എച്ച്. സിതാലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ വ്യക്സിൻ ലഭ്യമാണ്.)
- നിർദ്ദേശിക്കപ്പെട്ട IDRV ഡോസ് എടുക്കുക.

വളർത്തു പട്ടികൾക്ക് വാക്സിൻ നൽകുക വളർത്തുന്നവർ പ്രീ എക്സ്പോഷർ ഡോസ് വാക്സിൻ എടുക്കുക, ഭക്ഷണ മാലിന്യങ്ങൾ വലിച്ചെറിയുന്നത് ഒഴിവാക്കുക, എബിസി (ആനിമൽ ബർത്ത് കൺട്രോൾ) പരിപാടിയുമായി സഹകരിക്കുക," പേവിഷബാധയേറ്റ് മരിച്ചവരിൽ ഭൂരിഭാഗവും വാക്സിൻ തീരെ സ്വീകരിക്കാത്തവരോ ഭാഗികമായി മാത്രം വാക്സിൻ സ്വീകരിച്ചവരോ ആണ്"

ചെള്ളുപനി (സ്ക്രബ്ബ് ടൈഫസ്)

എലി/സസ്തനികൾ/ഉരഗങ്ങൾ ജന്തുക്കൾ എന്നിവയിൽ വളരുന്ന ചെള്ളുകളാണ് (ചിഗ്ഗർ മൈറ്റ്സ്) രോഗവാഹകർ

രോഗകാരി: ഓറിയൻഷിയ സുസുഗാമുഷി എന്നൊരു തരം ബാക്ടീരിയയാണ് രോഗമുണ്ടാക്കുന്നത്

രോഗലക്ഷണം: പനി കടിയേറ്റ ഭാഗത്ത് എഷ്ചാർ അഥവാ കറുത്തപാട് ഉണ്ടാവുന്നു. വേദന പേശിവേദന ചുമ വിറയൽ എന്നിവയാണ് സാധാരണ ലക്ഷണങ്ങൾ. സസ്യങ്ങളിൽ ആണ് ചിഗ്ഗറുകകളുടെ ആവാസം. അതിനാൽ കുറ്റിക്കാടുകൾ വെട്ടി നശിപ്പിക്കുക, എലി നശീകരണം ആവാസസ്ഥലങ്ങളിൽ സ്പ്റേയിംഗ്എന്നിവയാണ് പ്രധാനപ്പെട്ട പ്രതിരോധപ്രവർത്തനങ്ങൾ. ചെള്ളുപനിയ്ക്ക് ഫലപ്രദമായ ചികിത്സ നിലവിലുണ്ട്.

പ്ലേഗ് രോഗവും എലി ഉൾപ്പടെയുള്ള കാർന്ന് തിന്നുന്ന ജീവികളുടെ ശരീരത്തിൽ വളരുന്ന ചെള്ളുകൾ വഴിയാണ് മനുഷരിലേക്ക് പകരുന്നത്. ഗുജറാത്തിലെ സൂറത്തിൽ ഏതാനും വർഷങ്ങൾക്ക് മുമ്പ് വലിയ തോതിൽ പ്ലേഗ് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

ക്ഷയരോഗം

നമ്മുടെ പ്രധാനപ്പെട്ട പൊതുജനാരോഗ്യ പ്രശ്നമാണ് ക്ഷയം. ഒരു വർഷം കേരളത്തിൽ ആയിരത്തോളം പേർ രോഗം മൂലം മരണപ്പെടുന്നുണ്ട്. മനുഷ്യനിൽ നിന്നും മനുഷ്യനിലേയ്ക്കും മൃഗങ്ങളിൽ നിന്നും മനുഷ്യനിലേക്കും രോഗം പകരാം. രോഗാണു:മൈക്രോ ബാക്ടീരിയം ട്യൂബർകുലോസിസ്.
രോഗലക്ഷണങ്ങൾ: രണ്ടാഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കുന്ന പനി, ചുമ, ഭാരം കുറയൽ എന്നിവയാണ് പ്രാഥമിക ലക്ഷണങ്ങൾ.

രോഗത്തിന്റെ സങ്കീർണ അവസ്ഥയിൽ നെഞ്ചുവേദന, ശ്വാസതടസ്സം, രക്തം തുപ്പുക, ക്ഷീണം എന്നിവയും ഉണ്ടാവാം. പരിശോധന: കഫ പരിശോധനയിലൂടെ രോഗം കണ്ടുപിടിക്കാവുന്നതാണ് ഇപ്പോൾ പുതിയ CB-NAT പരിശോധന IGRA എന്നീ പരിശോധനകൾ ഉപയോഗിക്കുന്നു.

എക്സറേ, രക്തപരിശോധനയിലൂടെയും രോഗം കണ്ടെത്താം.

ചികിത്സ: നേരിട്ട് നിരീക്ഷണത്തിലുള്ള ചികിത്സ DOT ഡെയിലി റെജീം ആണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- തുറസ്സായ സ്ഥലത്ത് തുപ്പുന്നത് ഒഴിവാക്കുക
- കഫം അണുനാശിനി ഒഴിച്ച് കുഴിച്ചുമൂടുക
- കഫത്തിൽ അണുക്കൾ ഉള്ള രോഗികളുമായി കൂടുതൽ അടുത്തബന്ധം ഒഴിവാക്കുക.
- കൃത്യമായ കാലയളവിൽ നിർദ്ദേശിക്കപ്പെട്ട മരുന്ന് തടസ്സം വരാതെ കഴിക്കുക

- പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുക
- പുകവലി പൂർണമായി ഒഴിവാക്കുക

മറ്റ് ശ്വാസകോശരോഗങ്ങൾ

മാലിന്യ ശേഖരണ, പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന ഹരിതസേനാംഗങ്ങൾ വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങളും നിർദ്ദേശിക്കപ്പെട്ട വ്യക്തിശുചിത്വശീലങ്ങളും പാലിച്ചിട്ടില്ലായെങ്കിൽ ഈ രോഗം പിടിപ്പെടുന്നതിനുള്ള സാധ്യത കൂടുതലാണ്.

അലർജി, ശ്വാസകോശ രോഗങ്ങൾ ആസ്തമ, COPD എന്നിവ ബാധിച്ച രോഗികൾക്ക് (ഹരിത സേനാംഗങ്ങൾ ഉൾപ്പടെ) കുടുംബാരോഗ്യ കേന്ദ്രത്തിലെ- ശ്വാസ് ക്ലിനിക്കിൽ- എത്തി ചികിത്സ തേടാവുന്നതാണ്.

അലർജി, ചർമ്മരോഗങ്ങൾ

മാലിന്യ ശേഖരണ സമയത്തും പരിപാലനസമയത്തും നിർദ്ദേശിക്കപ്പെട്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കാതിരുന്നാൽ - പൊട്ടിയ ട്യൂബ് ലൈറ്റുകൾ, സി. എഫ്. എൽ ബൾബുകൾ, ഒഴിവാക്കിയ ഓയിൽമെന്റുകൾ, ബാറ്ററികൾ, മെർക്കുറി, കാഡമിയം, കാരീയം എന്നവിയടങ്ങിയ മാലിന്യങ്ങളിൽ നിന്നെല്ലാം അലർജി, ചർമ്മരോഗങ്ങൾ എന്നീ മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിവ ഉണ്ടാകാനിടയുണ്ട്.

കാൻസർ

മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നത് വഴി (ഉദാഹരണം പ്ലാസ്റ്റിക് കത്തിക്കൽ) ശ്വാസകോശ രോഗങ്ങൾ കാൻസർ എന്നിവയ്ക്ക് കാരണമായേക്കാം.

വ്യക്തി സുരക്ഷാസംവിധാനങ്ങൾ

- മാലിന്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കൈയുറ, മാസ്ക്, ഗ്ലൗസ് (നേത്ര സുരക്ഷാ കവചം) പി. പി. ഇ കിറ്റ്, മഴക്കോട്ടുകൾ, ഗംബൂട്ട് എന്നിവ ധരിക്കേണ്ടതാണ്
- മാലിന്യങ്ങൾ തരംതിരിക്കുന്ന സമയത്ത് - പിക്കിംഗ് സ്റ്റിക്ക് - ഉപയോഗിക്കുക
- കൂട്ടിയിട്ട മാലിന്യ ശേഖരങ്ങളിൽക്ഷുദ്രജീവികളും എലി തുടങ്ങിയ ജീവികളും വളരാൻ ഇടവരുന്നു. അതിനാൽ എലിപ്പനി പോലുള്ള രോഗങ്ങളും മറ്റു രോഗങ്ങളും ലഭിക്കാൻ സാധ്യതയുണ്ട്. ജാഗ്രത പാലിച്ചു വേണം മാലിന്യം കൈകാര്യം ചെയ്യൽ.
- അവശ്യഘട്ടങ്ങളിൽ അണുനാശിനി/ സാനിറ്റൈസർ, /ഒഡോമസ് പോലുള്ള ലേപനങ്ങൾ ഉപയോഗിക്കണം.

സോപ്പും വെള്ളവും ഉപയോഗിച്ച് ശാസ്ത്രീയമായി കൈ കഴുകുക, മാലിന്യം കൈകാര്യം ചെയ്ത ശേഷം വൃത്തിയായി സോപ്പ് ഉപയോഗിച്ചു കുളിയ്ക്കുക എന്നിവ വ്യക്തി സുരക്ഷാസംവിധാനത്തിൽ പരമപ്രധാനമാണ്. ഷീ ടോയ് ലറ്റ്, വിശ്രമത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യം, ആവശ്യമായ ശുദ്ധജല ലഭ്യത എന്നിവയെല്ലാം ഹരിതസേനാംഗങ്ങൾക്ക് ലഭ്യമാക്കണം.

ആരോഗ്യകരമായ ജോലി സ്ഥലം

- ജോലി ചെയ്യുന്ന സ്ഥലം വൃത്തിയുള്ളതും വായുസഞ്ചാരവും വെളിച്ചവും ഉള്ളത് ആയിരിക്കണം.
- ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നു പോകാൻ പറ്റുന്ന വഴികൾ ഉണ്ടായിരിക്കണം
- തീപിടുത്തം ഉണ്ടായാൽ കെടുത്തുന്നതിനുള്ള ഫയർ എക്സ്റ്റിംഗ്യൂഷർ, മണൽ എന്നിവ കരുതി വെക്കണം
- ജല ലഭ്യത ഉറപ്പുവരുത്തണം കുടിവെള്ള ലഭ്യത ഉറപ്പുവരുത്തണം
- ശുചിമുറികൾ വേണ്ടത്ര ഉണ്ടായിരിക്കണം

- ഇരിപ്പിടങ്ങൾ, വിശ്രമസ്ഥലങ്ങൾ ഉണ്ടായിരിക്കണം
- ടേബിൾ വാഷ്ബേസിൻ എന്നിവ ഉണ്ടായിരിക്കണം
- സുരക്ഷാ ഉപകരണം ലഭ്യമാക്കിയിരിക്കണം.
- ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപിച്ചിരിക്കണം.
- കെട്ടിടത്തിൽ പ്രത്യേക എൻടി ആൻഡ് എമർജൻസി എക്സിറ്റ് ഉണ്ടായിരിക്കണം

യന്ത്ര സാമഗ്രികളിൽ നിന്നും അപകടങ്ങൾ ഉണ്ടാവാൻ സാധ്യത ഉള്ളതിനാൽ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടായിരിക്കണം. യന്ത്ര സാമഗ്രികളുടെ ശാസ്ത്രീയമായ ഉപയോഗം സംബന്ധിച്ച് പ്രായോഗിക പരിശീലനങ്ങൾ ഹരിതസേനാംഗങ്ങൾക്ക് നൽകിയിരിക്കണം.

അപകടങ്ങൾ/മുറിവ്

- മാലിന്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പലപ്പോഴും മുറിവുകൾ ഉണ്ടാവാൻ സാധ്യതയുള്ളതിനാൽഅത്തരം സന്ദർഭങ്ങളിൽ മുറിവുകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക,
- രക്തസ്രാവം നിൽക്കുന്നതിന്നായി മുറിവിൽ നേരിട്ടുള്ള സമ്മർദ്ദം (അമർത്തിപ്പിടിക്കുക) നൽകുക, ബന്റേജ്ചെയ്യുക
- അപകടങ്ങൾ അത്യാഹിതങ്ങൾ ദുരന്തങ്ങൾഎന്താണ് സംഭവിച്ചത് എന്ന് മനസ്സിലാക്കുക
- തീവ്രത അനുസരിച്ച് പ്രഥമശുശ്രൂഷ നൽകുക
- സഹായത്തിന് ആളെ വിളിക്കുക
- വാഹനം ഏർപ്പാട് ചെയ്യുക
- ആവശ്യമുണ്ടെങ്കിൽ സ്പ്ലിന്റ് കെട്ടുക/ബാന്റേജ് കെട്ടുക
- രോഗിയെ ആശുപത്രിയിൽ എത്തിയ്ക്കുക.
- ജോലിസ്ഥലത്ത് പ്രഥമശുശ്രൂഷ കിറ്റ് ലഭ്യമാക്കുക
- പ്രഥമ ശുശ്രൂഷ പരിശീലനം നൽകുക.

തീ പൊള്ളൽ

- പൊള്ളലേറ്റ ഭാഗം തണുപ്പിയ്ക്കുക,
- അണുബാധ ഏൽക്കാത്ത വിധം പൊള്ളലേറ്റ ഭാഗം കവർ ചെയ്ത് ആശുപത്രിയിൽ എത്തിയ്ക്കുക
- കുടിയ്ക്കുവാൻ പാനിയം നൽകുക.
- കുമിളകൾ പൊട്ടിക്കാതിരിക്കുക

പ്രഥമ ശുശ്രൂഷ കിറ്റ്

താഴെപ്പറഞ്ഞ പ്രകാരമുള്ള സാധനസാമഗ്രികളാണ് ഒരു പ്രഥമ ശുശ്രൂഷ കാറ്റിൽ ഉണ്ടായിരിക്കേണ്ടത്.

- ഡ്രെസ്സിംഗ് പാഡ്
- കോട്ടൺ
- ഗോസ്
- കത്രിക
- സോപ്പ്
- ബാൻഡേജ്
- സർജിക്കൽ പ്ലാസ്റ്റർ
- ആന്റിസെപ്റ്റിക് ലോഷൻ
- ട്രയാംഗുലർ ബാൻഡേജ്

- സേഫ്റ്റി പിൻ
- ഒ. ആർ. എസ്
- ഗ്ലൗസ്
- ടിഷ്യൂ പേപ്പർ...

ഹരിത കർമ്മസേനാ അംഗങ്ങളുടെ ജീവിത ശൈലീ രോഗങ്ങൾ (ഹൈപ്പർ ടെൻഷൻ, പ്രമേഹം), ബോഡി മാസ് ഇൻഡക്സ്, കൊളസ്ട്രേൾ, കാൻസർ പ്രാഥമിക പരിശോധന സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥയും രോഗ സങ്കീർണതയും കൃത്യമായ ഇടവേളകളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധിക്കണം. രോഗം കണ്ടെത്തുന്നവർക്ക് കൃത്യമായ ചികിത്സ ഉറപ്പാക്കണം.

ഹെൽത്ത് ഇൻഷുറൻസ്

ഹരിത കർമ്മസേനാംഗങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്കായി നിലവിലുള്ള ആരോഗ്യ ഇൻഷുറൻസ് സ്കീമുകൾ പ്രയോജനപ്പെടുത്തുക.

- ജീവൻദീപംപദ്ധതി – അപകട മരണ ഇൻഷ്യൂറൻസ് പദ്ധതിയാണിത്. പ്രീമിയം തുക 174 രൂപയാണ്.
- കുടുംബശ്രീ ഇൻസ്പെയർ ഇൻഷ്യൂറൻസ് പദ്ധതി – ഈ പദ്ധതിപ്രകാരം794 രൂപ പ്രീമിയം അടച്ചാൽ ഹരിത സേന അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്യൂറൻസ് സംരക്ഷണം ലഭിയ്ക്കും. ണം

ആരോഗ്യ പരിരക്ഷ/സുരക്ഷാ മുൻകരുതലുകൾ

- പകർച്ചവ്യാധികൾ പിടിപെടാതിരിക്കുവാൻ
- രോഗങ്ങൾ വഷളാകാത്തിരിക്കുവാൻ
- തൊഴിൽജന്യ രോഗങ്ങൾ പിടിപെടാതിരിക്കുവാൻ
- അപകട സാധ്യതകൾ-മുൻകരുതലുകൾ
- പ്രഥമ ശുശ്രൂഷ ഉറപ്പാക്കുവാൻ

പ്രധാന ആരോഗ്യ പ്രശ്നങ്ങൾ

- **ജലജന്യ രോഗങ്ങൾ**
  (വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, കോളറ, വിരബാധ)
- **പ്രാണിജന്യ രോഗങ്ങൾ**
  (ഡെങ്കിപ്പനി, മലമ്പനി, മന്ത്, ജപ്പാൻജ്വരം, ചിക്കൻഗുനിയ)
- **ജന്തുജന്യ രോഗങ്ങൾ**
  (എലിപ്പനി, പേവിഷബാധ, ചെള്ള് പനി, പ്ലേഗ്)
- **മാലിന്യജന്യരോഗങ്ങൾ**
  (ശ്വാസകോശ രോഗങ്ങള്, ത്വക്ക് രോഗങ്ങള്,കാൻസർ,)
- **മറ്റ് ആരോഗ്യ പ്രശ്നങ്ങൾ**
  (അപകടങ്ങൾ/മുറിവുകൾ, പൊള്ളലുകൾ, സൂര്യാഘാതം പട്ടികടി, പാമ്പ് കടി, അലർജി)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

രോഗങ്ങൾ;മുൻകരുതലുകൾ

- രോഗാണുക്കളാൽ മലിനീകരിക്കപ്പെട്ട ജലം, ഭക്ഷണം.
- കൈകൾ സോപ്പും വെള്ളവുമുപയോഗിച്ച് നന്നായി കഴുകുക
- വ്യക്തിഗത സുരക്ഷ ; ഗംബൂട്ടുകൾ കൈയുറകൾ ധരിക്കുക
- ഡോക്സിസൈക്ലിൻ ഗുളികകൾ കഴിച്ച് എലിപ്പനിയെ പ്രതിരോധിക്കാവുന്നതാണ്
- കൊതുക് ജന്യ പ്രാണി ജന്യരോഗങ്ങൾ എൻഡെമിക് ആയി കാണപ്പെടുന്ന പ്രദേശങ്ങളിൽ പ്രത്യേക മുൻകരുതൽ സ്വീകരിക്കുക
- രോഗലക്ഷണങ്ങൾ അവഗണിക്കാതിരിക്കുക സ്വയം ചികിത്സ അരുത്
- കുടുംബാരോഗ്യകേന്ദ്രങ്ങളിൽനിന്നുള്ള ആരോഗ്യ സേവനങ്ങൾ പ്രയോജനപ്പെടുത്തുക

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

രോഗങ്ങൾ സങ്കീർണ്ണമാകാതിരിയ്ക്കാൻ

- സ്ക്രീനിംഗ്,
- ചികിത്സ ,
- തുടർ പരിശോധനകൾ + ചികിത്സ
  - ക്ഷയരോഗം
  - ക്യാൻസർ
  - പ്രമേഹം
  - രക്താതി മർദ്ദം
  - ശ്വാസകോശ രോഗങ്ങൾ
  - അലർജി



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

പ്രഥമ ശുശ്രൂഷ

പാമ്പ് കടി

- സുരക്ഷിതമായി കിടത്തുക
- ഉത്കണ്ഠ വർദ്ധിപ്പിക്കാതെ സമാശ്വസിപ്പിക്കുക
- മുറിവേറ്റഭാഗം വെള്ളവും സോപ്പും ഉപയോഗിച്ച് കഴുകുക.
- ആന്റി വെനം ലഭ്യമായ ആശുപത്രിയിലേക്ക് ഉടൻ കൊണ്ട് പോവുക.

ചെയ്യരുതാൻ പാടില്ലാത്തത്

- മുറിവ് ഭാഗം വലുതാക്കുക,
- ഐസ് വയ്ക്കുക
- രക്തം വലിച്ചൂറ്റി കളയൽ
- മുറിവിനുള്ളിൽ മുറുക്കി കെട്ടൽ

പ്രഥമ ശുശ്രൂഷ

1. പട്ടികടി/പൂച്ച മാന്തൽ

- ടാപ്പ് വാട്ടറിൽ സോപ്പുപയോഗിച്ച് 20 മിനിറ്റെങ്കിലും നന്നായി കഴുകുക
- ആന്റി റാബീസ് വാക്സിനേഷൻ ലഭ്യമായ ആശുപത്രിയിലേക്ക് ഉടൻ കൊണ്ട് പോവുക.
- മുറിവ് വലുതാക്കുവാനോ രക്തം ഊറ്റി കളയുവാനോ പാടില്ല.

2.പ്രാണിയുടെ കുത്ത്

- മുള്ള് എടുത്തു കളയുക
- സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക
- തണുപ്പ് ഏൽപിക്കുക
- വൈദ്യസഹായം

പ്രഥമ ശുശ്രൂഷ

അപസ്മാരം/ജന്നി

- ○ രോഗിയെ തറയിൽ വശം ചരിച്ച് കിടത്തുക
- ○ വായുസഞ്ചാരം ഉറപ്പാക്കുക
- ○ ചുറ്റുമുള്ള തടസങ്ങൾ (കട്ടിയുള്ള വസ്തുക്കൾ, മൂർച്ചയുള്ള വസ്തുക്കൾ) മാറ്റുക
- ○ റിക്കവറി പൊസിഷനിൽ കിടത്തുക

ചെയ്യ് കൂടാത്തത്-

- കടിക്കുവാൻ കൊടുക്കരുത്
- പല്ലിലും വായിലും മറ്റ് വസ്തുക്കൾ വെക്കരുത്
- താക്കോൽ/മൂർച്ചയുള്ള വസ്തുക്കൾ എന്നിവ കയ്യിൽ പിടിപ്പിക്കരുത്.

അപകടങ്ങൾ- മുറിവുകൾ,ഒടിവുകൾ,ഉളുക്ക്

○ പ്രഥമ ശുശ്രൂഷ നൽകൽ

(സ്പ്ലിന്റ്റ്,സ്ലിംഗ് ഇവ ഉപയോഗിച്ച് ഒടിഞ്ഞ ഭാഗം സുരക്ഷിതമാക്കുക.

മുറിവുകൾ -രക്ത സ്രാവം നിയന്ത്രിക്കുക,സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകൽ,അണുബാധ തടയുംവിധം മുറിവ് കെട്ടൽ, ആശുപത്രിയിൽ എത്തിക്കൽ)



പൊള്ളലുകൾ

- ○ പൊള്ളലേറ്റ ഭാഗം തണുപ്പിക്കുക, വാച്ച്, ആഭരണങ്ങൾ മാറ്റുക
- ○ അണുബാധ ഏൽക്കാതെ കവർ ചെയ്ത് ആശുപത്രിയിൽ എത്തിക്കുക

ചെയ്യ് കൂടാത്തത്-

- ○ഒട്ടിചേർന്നിട്ടുള്ള വസ്ത്രങ്ങൾ പറിച്ചെടുക്കരുത്
- ○കുമിളകൾ പൊട്ടിക്കരുത്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ആരോഗ്യകരമായ ജോലി സ്ഥലം

1.വ്യക്തിസുരക്ഷാ സംവിധാനങ്ങൾ

- ○ കയ്യുറകൾ (ഗ്ലൌസ്)
- ○ PPE കിറ്റ്
- ○ മാസ്ക്
- ○ ഗംബൂട്ട്
- ○ പിക്കിംഗ് സ്റ്റിക്ക്
- ○ സാനിറ്റയ്സർ (പ്രത്യേക സാഹചര്യങ്ങളിൽ)
- ○ ലേപനങ്ങൾ (പ്രത്യേക സാഹചര്യങ്ങളിൽ)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ആരോഗ്യകരമായ ജോലി സ്ഥലം

വ്യക്തിസുരക്ഷാ മുൻകരുതലുകൾ

- കൈകഴുകൽ സൗകര്യം
- ഷീ ടോയ്‌ലറ്റ്
- കുളിക്കാനുള്ള സൗകര്യം
- വിശ്രമത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യം
- ആവശ്യത്തിനുള്ള ശുദ്ധജല ലഭ്യത
- പ്രഥമശുശ്രൂഷ കിറ്റ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ആരോഗ്യകരമായ ജോലി സ്ഥലം

MCF, RRF ബെയ് ലിംഗ് യൂണിറ്റ്, ഷ്റെഡിംഗ് യൂണിറ്റ് എന്നീ സ്ഥലങ്ങളിലെല്ലാം താഴെ പറയുന്ന സൌകര്യങ്ങൾ ഉണ്ടായിരിക്കണം

- ആവശ്യത്തിന് വായു സഞ്ചാരം
- ആവശ്യത്തിന് വെളിച്ചം
- ആവശ്യത്തിന് ഇരിപ്പിടം
- വാഹനങ്ങൾ എത്താനുള്ള സൗകര്യം
- ഫയർ & സേഫ്റ്റി സംവിധാനം
- ജല ലഭ്യത
- ശുചിമുറികൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ആരോഗ്യകരമായ ജോലി സ്ഥലം

- യന്ത്ര സാമഗ്രികളിൽ നിന്നും അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടാകണം
- യന്ത്ര സാമഗ്രികളുടെ ഉപയോഗത്തിനുള്ള പരിശീലനം നൽകിയിരിക്കണം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

പ്രഥമ ശുശ്രൂഷ കിറ്റ്

- ഡ്രസ്സിംഗ് പാഡ്
- കോട്ടൻ
- ഗോസ്
- കത്രിക
- സോപ്പ്
- ബാൻഡേജ്
- പ്ലാസ്റ്റർ
- ആന്റിസെപ്റ്റിക് ലോഷൻ
- ട്രയാങ്കുലർ ബാൻഡേജ്
- സേഫ്റ്റി പിൻ
- ഒ. ആർ. എസ്
- സാനിറ്ററി പാഡ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ഇൻഷൂറൻസ്

ഹരിത കർമ്മ സേനാംഗങ്ങൾക്കായി ഇപ്പോൾ 2 തരം ഇൻഷൂറൻസുകൾ ഉണ്ട്

1. ജീവൻ ദീപം - പ്രീമിയം തുക 174 രൂപ
2. ഇൻസ്പെയർ - പ്രീമിയം തുക 794 രൂപ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ആരോഗ്യം സമ്പത്ത്

Thank you

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

സംരംഭമെന്ന ആശയവും ഹരിത കർമ്മ സേനയുടെ സാധ്യതകളും
സെഷൻ–5

മാലിന്യത്തിൻറെ അളവ് പരമാവധി കുറക്കുക എന്നത് തന്നെയാണ് നമ്മുടെ പ്രധാനലക്ഷ്യം. അതിനായി നമ്മുടെ നിത്യ ജീവിതത്തിൽ ഹരിതപെരുമാറ്റചട്ടം പ്രാവർത്തികമാക്കുക. അതുമായി ബന്ധപ്പെട്ട സംരഭയൂണിറ്റുകൾ ആരംഭിക്കാം

1. **വെസെൽ ബാങ്ക്**
2. **തുണി സഞ്ചി നിർമ്മാണം**
3. **ഇവെൻറ് മാനേജ്മെൻറ്**

സംരഭ സാധ്യതകൾ

- ഒറ്റക്ക്
- ഗ്രൂപ്പായി
- സഹകരണ സംഘം വഴി

റീസൈക്ലിങ്

- റീസൈക്ലിങ് എന്നത് മാലിന്യ സംസ്കരണത്തിലെ ഒരു മെച്ചപ്പെട്ട രീതിയാണ്.
- സാങ്കേതിക വിദ്യ ഉപയോഗിച്ച് റീസൈക്ലിങ് ചെയ്യാവുന്ന അജൈവമാലിന്യങ്ങൾ

1. പ്ലാസ്റ്റിക്
2. പേപ്പർ
3. ഗ്ലാസ്
4. ഇരുമ്പ്
5. WEEE റീസൈക്ലിങ് മുതലായവ

WEEE റീസൈക്ലിങ്

- Electronic ഉപകരണങ്ങൾ
- Electrical ഉപകരണങ്ങൾ

പുനരുപയോഗം
എന്താണ് പുനരുപയോഗം ?

ഒരു വസ്തു അതിൻറെ സ്വഭാവത്തിൽ മാറ്റം വരുത്താതെ വീണ്ടും ഉപയോഗിക്കുന്നതാണ് പുനരുപയോഗം

- അടുക്കള ഉപകരണങ്ങൾ
- വീട്ടുപകരണങ്ങൾ
- മാഗസീൻ, പുസ്തകങ്ങൾ
- വസ്ത്രങ്ങൾ
- ഭക്ഷണ പാത്രങ്ങൾ
- പ്ലാസ്റ്റിക് ചാക്കുകൾ

ചർച്ചാ ഗ്രൂപ്പുകൾ - വിഷയങ്ങൾ

- പ്ലാസ്റ്റിക് ഉൽപന്നങ്ങൾ
- വസ്ത്രങ്ങൾ
- ഇലക്ട്രോണിക് ഉപകരണങ്ങൾ
- വീട്ടുപകരണങ്ങൾ, കളിപ്പാട്ടങ്ങൾ
- കെട്ടിടാവശിഷ്ടങ്ങൾ
- മറ്റ് ഉൽപന്നങ്ങൾ (ടയർ മുതലായവ)

പുനരുപയോഗസാധ്യതകൾ

- Eco Brick
- ലിഥിയം സംഭരണം
- കൌതുകവസ്തുക്കൾ
- സ്വാപ്പ് ഷോപ്പ്
- തുണി സഞ്ചി, ചവിട്ടി മുതലായവ
- വീട്ടുപകരണങ്ങളുടേയും മറ്റ് കുറവുതീർത്ത് പ്രയോജനപ്പെടുത്തുക

അജൈവ മാലിന്യം ശേഖരണവും തരംതിരിക്കലും മാലിന്യ നീക്കവും സംഭരണവും

സെഷൻ-6

1. വിഷയം : അജൈവ മാലിന്യം ശേഖരണവും തരംതിരിക്കലും മാലിന്യ നീക്കവും സംഭരണവും
2. ലക്ഷ്യം : ഈ സെഷന്റെ അവസാനം പരിശീലന പങ്കാളികൾക്ക് ചുവടെ പറയുന്നവ നിർവഹിക്കാൻ കഴിയുക:
   - മാലിന്യ ശേഖരണം, തരം തിരിക്കൽ പ്രാധാന്യം സംസ്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നു
3. സമയം :45മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും

നം.	വിഷയം	സമയം (മിനിറ്റ്)	രീതി	ഉപാധി
1	അജൈ മാലിന്യം ശേഖരണവും തരം തിരിക്കലും മാലിന്യങ്ങൾ നീക്കലും സംഭരണവും	1	പങ്കാളിത്ത അവതരണം	സ്ലൈഡ്
2	മാലിന്യം ഉറവിടം, തരംതിരിക്കൽ സേഖരണം, വിശദമാക്കുക	4	പങ്കാളിത്ത അവതരണം	സ്ലൈഡ്
3	പുനചംക്രമണം നടത്താൻ പറ്റാത്ത പ്ലാസിറ്റിക്കുകളെ സംബന്ധിച്ച	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
4	RRF ന്റെ വിവരണം	1	പങ്കാളിത്ത അവതരണം	സ്ലൈഡ്
5	MCF നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
6	MCF ൽ വസ്തുക്കൾ ശേഖരിച്ചു വയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ പശ്ചാത്തല സൗകര്യങ്ങൾ സുരക്ഷാ സംവിധാനങ്ങൾ ശുചിത്വ സംവിധാനങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
7	RRF ഉം കോവേയർ ബെൽറ്റ് സംവിധാനം തരംതിരിക്കൽ എളുപ്പമാകുന്നു	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
8	കൺവേയർ ബെൽറ്റ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
9	കാര്യങ്ങൾ സുരക്ഷാ സംവിധാനങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
10	തരംതിരിച്ചവ സൂക്ഷിക്കൽ രീതി	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
11	ഔട്ട് വേഡ് രജിസ്ട്രേഷൻ വിശദീകരിക്കുന്നു	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
12	അഗ്നിശമന സംവിധാനം	2	പങ്കാളിത്ത അവതരണം	സ്ലൈഡ്
13	വാട്ടർ ടൈപ്പ്, ഫോം ടൈപ്പ്, കാർബൺ ഡൈ ഓക്സൈഡ് ടൈപ്പ്	3	പങ്കാളിത്ത അവതരണം	സ്ലൈഡ്

14	ഫയർ എക്സിറ്റിംഗിഷർ ഉപയോഗിക്കേണ്ട വിധം	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
15	തരം തിരിച്ച പ്ലാസ്റ്റിക്കിന്റെ റേറ്റ്	1	പങ്കാളിത്ത അവതരണം	സ്ലൈഡ്
16	കട്ടികുറഞ്ഞ പ്ലാസ്റ്റിക്ക് വസ്തുക്കൾ, ശേഖരണം, തരംതിരിക്കൽ	2	പങ്കാളിത്ത അവതരണം	സ്ലൈഡ്
17	ഷ്രഡിംങ് മെഷീൻ, ബെയിലിങ്ങ് മെഷീൻ	2	പങ്കാളിത്ത അവതരണം	
18	പുനരുത്പാദനം സാധ്യമല്ലാത്ത വസ്തുക്കളുടെ കയറ്റി അയക്കൽ	2	പങ്കാളിത്ത അവതരണം	

കുറിപ്പ്: വിവിധതരം പ്ലാസ്റ്റിക്കുകൾ

1. PET(1) - മിനറൽ വാട്ടർ ബോട്ടിലുകൾ, ഹാൻഡ് വാഷ് ബോട്ടിലുകൾ, ജ്യൂസ് ബോട്ടിലുകൾ, ലോഷൻ ബോട്ടിലുകൾ
2. HDPE(2) - എഞ്ചിനോയിൽ ബോട്ടിലുകൾ, ആസിഡ് ബോട്ടിലുകൾ, കട്ടികൂടിയ ബോക്സുകൾ, പ്ലാസ്റ്റിക് ഫർണിച്ചറുകൾ, ടാങ്കുകൾ തുടങ്ങിയവ
3. Super HM HDPE - തൂവെള്ള നിറം
4. Colour HM HDPE – നിറമുള്ളത്
5. PVC(4) - പൈപ്പുകൾ, കുഴലുകൾ, ടാങ്കുകൾ, ജെൽ ബോട്ടിലുകൾ
6. കളർ PVC(3)
7. കളർ PVC &മറ്റുള്ള PVC
8. LDPE(4) - കവറുകൾ, പാൽക്കവറുകൾ, എണ്ണക്കവറുകൾ, മറ്റ് വഴക്കമുള്ള കവറുകൾ
   - Plain LDPE - മൃദുവായത്, സുതാര്യമായത്
   - Milk LDPE - വലിയുന്നത്, അച്ചടിയുള്ളത്
   - Oil LDPE - വലിയുന്നത്, മിനുസ്സമുള്ളത്
9. Multi-Layer - ബിസ്കറ്റ് കവറുകൾ, ചോക്ലേറ്റ്, Lays കവറുകൾ
10. PP(5) - പാക്കിംഗ് കവറുകൾ, ബോക്സുകൾ, ബോട്ടിലുകൾ ഐസ്ക്രീം പാക്കുകൾ, വാട്ടർ ബോട്ടിലുകൾ, ബോട്ടിലുകളുടെ അടപ്പുകൾ
    - Plain PP - പരുക്കൻ, അച്ചടിയില്ലാത്തത്
    - PP High - കട്ടി കൂടിയത്, OHP ഷീറ്റ് പോലെ
    - Papper PP - ശക്തമായ കലപില ശബ്ദമുള്ളത്
    - Printed PP - അച്ചടിയുള്ളത്, പരുക്കൻ
11. പുനചക്രണ യോഗ്യമല്ലാത്തത്

ജൈവമാലിന്യങ്ങൾ (പ്ലാസ്റ്റിക്കുകൾ) തരംതിരിക്കാതിരുന്നാൽ

പ്ലാസ്റ്റിക് റിസൈക്ലിങ്ങിലെ പ്രധാന step ആണ് അവയുടെ തരംതിരിവ്, കാരണം വ്യത്യസ്ഥ സ്വാഭാവമുള്ള പ്ലാസ്റ്റിക്കുകൾ റീസൈക്ലിങ് ചെയ്യുന്നത് വ്യത്യസ്ഥ താപനിലയിലാണ്. അതിനാൽ തന്നെ തരംതിരിക്കാതെ റീസൈക്ലിങ് സാധ്യമല്ല.

eg : HDPE - 210 - 270 °C
LDPE - 180 - 240 °C

കൂടാതെ റീസൈക്ലിങ് സാധ്യമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഉണ്ട്, അവ വേർത്തിരിച്ചെടുക്കേണ്ടതുണ്ട്. മാലിന്യം ശേഖരിക്കുന്നിടത്തു നിന്ന് തന്നെ തരംതിരിച്ചെടുക്കുന്ന രീതിയിലേക്ക് മാറണം. കൂടാതെ ഇത് വീട്ടുടമസ്ഥരേയും spot സെഗ്രിഗേറ്റ് ചെയ്യാൻ ബോധവൽക്കരണം ചെയ്യാൻ കൂടി സഹായകരമാകും.

മറ്റ് അജൈവമാലിന്യങ്ങൾ (അപായ മാലിന്യങ്ങൾ, വിഷാംശ മാലിന്യങ്ങൾ, ഗാർഹിക ശുചിത്വ മാലിന്യങ്ങൾ) തുടങ്ങിയവ ശേഖരിക്കുമ്പോൾ സുരക്ഷാ മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. ഗാർഹിക ശുചിത്വ മാലിന്യങ്ങൾ നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്നില്ല. അപായ മാലിന്യങ്ങളും, വിഷാംശമാലിന്യങ്ങളും മറ്റ് അജൈവമാലിന്യങ്ങളുമായി കൂട്ടി കലർത്തി ശേഖരിക്കരുത്. അതിനാൽ തന്നെ spot സെഗ്രിഗേഷൻ രീതിയാണ് ഏറ്റവും ഉചിതം.

ഹരിത ശൃംഖല



- പുനഃചംക്രമണ യോഗ്യമല്ലാത്ത ഷ്രെഡ്ഡ് ചെയ്യേണ്ട പ്ലാസ്റ്റിക്കുകൾ പ്രത്യേകം ചാക്കുകളിലാക്കി ആർ.ആർ.എഫ്.-കളിലേക്ക് നീക്കാവുന്നതാണ്.
- പുനഃചംക്രമണ/പുനരുപയോഗ യോഗ്യമല്ലാത്ത എല്ലാ വസ്തുക്കളും (റിജക്ട്സ്) ബെയിൽ ചെയ്ത് ശാസ്ത്രീയ സംസ്കരണത്തിനായി സിമന്റ് ് ഫ്ക്ടറിയിലേക്കോ ലാന്റ് ് ഫിൽ കേന്ദ്രത്തിലേക്കോ അയയ്ക്കുന്നതിന് ആർ.ആർ.എഫ്.-ലേക്ക് കൈമാറാവുന്നതാണ്

MCF(Meterial Collection Facility Center) ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) **കെട്ടിടം : സ്ഥിരം**

2) **ഉടമസ്ഥാവകാശം: സ്വന്തം**

3) **ആകെ വിസ്തീർണ്ണം: 10000 ജനസംഖ്യക്ക് 1200 ച അടി എങ്കിലും ഉണ്ടാവണം, കാറ്റും വെളിച്ചവുമുള്ള കെട്ടിടമാവണം.**

4) **മറ്റു സൗകര്യങ്ങൾ: ഓഫീസ്,Shreding,Bailing സംവിധാനം.**

5) **തരം തിരിക്കാനുള്ള സ്ഥലം**

6) **സോർടിങ് ടേബിൾ അഥവാ തരം തിരിക്കുന്നതിനുള്ള മേശ.**

7) **കൺവെയർ ബെൽട്ട്**

8) തരം തിരിച്ച സാധനങ്ങൾ ഇട്ടുവെക്കുന്നതിനായി ബക്കറ്റ് കൾ

9) ഇവ നിറക്കുന്നതിനായുള്ള ചാക്കുകൾ

10) ശൗചാലയം

11) പൊതു ഉപയോഗത്തിനുള്ള മുറി

12) തരം തിരിച്ച് സൂക്ഷിക്കാനുള്ളസംവിധാനം

9) MCF ലേക്കുള്ള റോഡ്, വലിയവാഹനങ്ങൾ വരാനുള്ള സൗകര്യംവേണം. ടൗണിനും, മെയിൻ റോഡിനും അടുത്തായാൽ നല്ലതാണ്.

13) വൈദ്യുതി

14) വെള്ളം

15) Firstaid Box

16). അഗ്നിശമന ഉപകരണങ്ങൾ

കൺവെയർ ബെൽറ്റ്

- ശേഘരിച്ച മാലിന്യങ്ങൾ എളുപ്പത്തിൽ തരം തിരിക്കുന്നതിനായി ഉപയോഗിയ്ക്കുന്ന യന്ത്രസംവിധാനങ്ങളാണ് കൊവെയോർ ബെൽറ്റുകൾ.

- കൺ വെയോർ ബെല്റ്റേക്ക് ഇടുന്ന മാലിന്യങ്ങൾ നീങ്ങികൊണ്ടിരിക്കുമ്പോൾ ഇരു വശങ്ങളിലും നിന്ന് തരം തിരിക്കാവുന്നതാണ്..

കൺവെയർ ബെൽട്ടിലോ സമീപത്തോ പ്രവർത്തിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ചെയ്യേണ്ടവ

- ഹാർഡ് തൊപ്പിയും സുരക്ഷാ ഷൂകളും ധരിക്കുക.
- നീളമുള്ള മുടി പിന്നിലേക്ക് കെട്ടുക.
- എമർജൻസി "ഷട്ട്-ഓഫ്" ഉപകരണങ്ങളുടെ സ്ഥാനവും അവ എങ്ങനെ ഉപയോഗിക്കാമെന്നും അറിയുക.
- കൂട്ടുകൾ, തടസ്സങ്ങൾ, ഗാർഡ്റെയിലുകൾ, മുന്നറിയിപ്പ് സിഗ്നലുകൾ, മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവയുൾപ്പെടെ ആവശ്യമായ എല്ലാ സുരക്ഷാ സംവിധാനങ്ങളും ഗാർഡുകളും സ്ഥലത്തുണ്ടെന്നും പ്രവർത്തനക്ഷമമാണെന്നും ഉറപ്പാക്കുക.
- മെഷിനറിക്ക് സമീപം സുരക്ഷിതമായി പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് അറിയുക.

ചെയ്യരുതാത്തത്

- **അയഞ്ഞ വസ്ത്രങ്ങളോ ആഭരണങ്ങളോ ധരിക്കരുത്.**
- **ബെൽറ്റുകളിൽ കയറുകയോ ചവിട്ടുകയോ ഇരിക്കുകയോ കയറുകയോ ചെയ്യരുത്.**
- **ഗിയറുകളോ സുരക്ഷാ ഉപകരണങ്ങളോ മാറ്റുകയോ നീക്കം ചെയ്യുകയോ ചെയ്യരുത്.**
- **കൺവെയർ ലോക്ക് ഔട്ട് ആകുന്നത് വരെ കുടുങ്ങിയ വസ്തുക്കളോ അവശിഷ്ടങ്ങളോ നീക്കം ചെയ്യാൻ ശ്രമിക്കരുത്.**
- **ലോക്ക് ഔട്ട് നടപടിക്രമങ്ങൾ പാലിക്കാതെ കൺവെയർ സർവീസ് ചെയ്യരുത്.**

- തരം തിരിച്ച സാധനങ്ങള് ഇട്ടുവെക്കുന്നതിനായി ബക്കറ്റ്കള്.ഇവ നിറക്കുന്നതിനായുള്ള ചാക്കുകള്

Outward Register

റീസൈക്കിൾ, റിജക്ട് എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

ക്രമ നംബർ	തീയതി	സമയം	ഐറ്റം	തൂക്കം	വെയിറ്റ്ബ്രിഡ്ജ് സ്ലിപ് നംബർ	ഹരിതകർമ സേന ഒപ്പ്	വാഹന ഡ്രൈവറുടെ ഒപ്പ്	നോഡൽഓഫീസർ ഒപ്പ്

അഗ്നിശമനോപകരണം

അഗ്നിശമനികൾ(Fire Extinguishers)

വാട്ടർടൈപ്പ്(Water type)

* കാർബണേഷ്യസ് ഫയർ അഥവാ കത്തിയാൽ കരിഅവശേഷിക്കുന്ന കടലാസ്, തുണി, മരത്തടികൾ, പ്ലാസ്റ്റിക് തുടങ്ങിയവക്ക് തീപിടിച്ചാൽ ഉപയോഗിക്കുന്നു. ഖം വസ്തുക്കൾ കത്തുമ്പോൾ ഉപയോഗിക്കുന്നു.

ഫോം ടൈപ്പ് (Foam type]

ദ്രവരൂപത്തിലുള്ള എണ്ണകൾ, ഇന്ധനങ്ങൾ മുതലായവക്ക് തീപിടിച്ചാൽ ഉപയോഗിക്കുന്നു

കാർബൺ ഡൈ ഓക്സൈഡ് ടൈപ്പ് (Carbon dioxide Type)

ഇലക്ട്രിക് ഉപകരണങ്ങളും വാതകങ്ങളും ദ്രാവകങ്ങളും തീ പിടിച്ചാൽ ഉപയോഗിക്കുന്നു. ഖരവസ്തുക്കളിൽ ചെറിയ അളവിലെങ്കിൽ ഉപയോഗിക്കാം.

ഡ്രൈ കെമികൽപൌഡർ ടൈപ്പ്(Dry Chemical Powder Type)

കാർബൺ ഡൈ ഓക്സ്ഡ് എക്സ്റ്റിംഗ്വഷ് പോലെ തന്നെ ഖരം ദ്രാവകം വാതകം എന്നി വകൾക്ക് തീപിടിച്ചാൽ ഉപയോഗിക്കാം. കൂടാതെ സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം തുടങ്ങിയ ലോഹങ്ങൾക്ക് തീപിടിച്ചാലും ഉപയോഗിക്കാം

അഗ്നി ശമനികൾ ഉപയോഗിക്കേണ്ട വിധം

PASS മെത്തേഡ്

- P.Pull out the safety pin

അബദ്ധത്തിൽ അമർന്ന് പോകാതിരിക്കാനായി സ്ഥാപിച്ചസേഫ്റ്റി പിൻ / ലോക്ക് ഊരിമാറ്റുക

- A. Aim the nozzle at the base of Fire

നോസ്സിൽ തീയുടെ അടിഭാഗത്തേക്ക് ലക്ഷ്യം വെയ്ക്കുക

- S. Squeeze the liver

ലിവറിൽ അമർത്തുക

- S. Sweep the Fire using estinguishers discharge

നാസിൽ ഇരുവശങ്ങളിലേക്കും ചലിപ്പിച്ച് ഡിസ്ചാർജ്ജ് ഉപയോഗപ്പെടുത്തി നീ അടിച്ച് കെടുത്തുക



അജൈവ മാലിന്യം MCF, RRF, MRF

സെഷൻ- 7

1. വിഷയം : അജൈവ മാലിന്യം MCF, RRF, MRF
2. ലക്ഷ്യം : ഈ സെഷന്റെ അവസാനം പരിശീലന പങ്കാളികൾക്ക് ചുവടെ പറയുന്നവ നിർവഹിക്കാൻ കഴിയുക:
   - അജൈവ മാലിന്യ തരം തിരിക്കൽ പ്രാധാന്യം സംസ്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നു
3. സമയം : 15 മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും

നം.	വിഷയം	സമയം (മിനിറ്റ്)	രീതി	ഉപാധി
1	അജൈവ മാലിന്യം-MCF, RRF	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
2	ഹരിത ശൃംഖല തരംതിരിക്കൽ, ശേഖരണം, സംസ്കരണം	2	പങ്കാളിത്ത അവതരണം	സ്ലൈഡ്
3	എന്താണ് മിനി MCF എന്ത് വിശദീകരിക്കുന്നു	2	പങ്കാളിത്ത അവതരണം	സ്ലൈഡ്
4	എന്താണ് MCF	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
5	എന്താണ് RRF	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
6	MCF ൽ ശ്രദ്ധിക്കേണ്ട സംഗതികൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
7	സോർട്ടിംഗ് ടേബിൾ തരംതിരിക്കൽ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
8	കൺവൈയർ ബെൽറ്റ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
9	ബെയിലിംഗ് മെഷീൻ പരിചയപ്പെടുത്തുന്നു	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
10	ബെയിലിംഗ് മെഷീൻ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
11	ഷ്രെഡിംഗ് മെഷീൻ പ്രവർത്തന രീതി വിശദീകരിക്കുന്നു	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
12	ഷ്രെഡിംഗ് മെഷീൻ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്
13	MCF ന് അകത്തേക്കും MCF ൽ നിന്ന് പുറത്തേക്കും പോകുന്ന മാലിന്യങ്ങളുടെ വിവരം രജിസ്റ്ററിൽ പരിചയപ്പെടുത്തൽ	3	പങ്കാളിത്ത അവതരണം	സ്ലൈഡ്

കുറിപ്പ്

എംസിഎഫ്, ആർആർ എഫ് കളിലേക്ക് മാലിന്യങ്ങൾ എത്തിക്കൽ കടത്തൽ പ്രക്രിയകൾ, അടിസ്ഥാന സൗകര്യങ്ങൾ

വീടുകൾ, സ്ഥാപനങ്ങൾ

ഹരിതശൃംഖലകതരംതിരിക്കൽ

അജൈവ പാഴ്വസ്തുക്കൾ വീടുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ശേഖരിക്കുന്ന തമുതൽ അവപുനചക്രമണവും, പുനരുപയോഗമോ ഡിസ്പോസ്ചെയ്യുകയോ (സിമന്റ്ഫാക്ടറികളിൽ ഇന്ധനം ആക്കുന്നതിനോ സാൻഡറിലാൻഡ്ഫില്ലിങ്ങിന് ആയി കൊടുത്തയക്കുന്ന പ്രക്രിയ) ചെയ്യുന്നതുവരെയുള്ള പ്രവർത്തികൾ ഹരിതശൃംഖലയിൽ ഉൾപ്പെടുന്നു

വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവമാലിന്യങ്ങളും ജൈവമാലിന്യങ്ങളും പ്രത്യേകമായി തരംതിരിക്കുന്നതിന്പ്രാഥമിക തരംതിരിക്കൽഎന്ന്പറയപ്പെടുന്നു. ഈ അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിക്കുകയും മിനിഎംസിലേക്കും തുടർന്ന് എംസിഎഫിലേക്കും ആർആർഎഫിലേക്കും മാറ്റുകയും ചെയ്യുന്നു.

പുതുതായി മാലിന്സംസ്കരണം ഏറ്റെടുക്കുന്നസ്ഥലങ്ങളിൽ ആദ്യംഈപറയുന്ന ജൈവജൈവ മാലിന്യങ്ങളുടെ പ്രാഥമിക തരംതിരിക്കലാണ് ഉറപ്പുവരുത്തേണ്ടത്.

അജൈവമാലിന്യങ്ങളും ജൈവമാലിന്യങ്ങളും പ്രാഥമികമായി തരംതിരിക്കുന്ന സ്ഥലങ്ങളിൽ വീടുകളിൽ നിന്നുതന്നെ അജൈവമാലിന്യങ്ങളെ മെറ്റൽ, പ്ലാസ്റ്റിക്, പേപ്പർ, ഗ്ലാസ് എന്നീതരങ്ങളിലേക്ക് തരംതിരിപ്പിക്കുന്നതിനും ഹരിതകർമ്മസേനയ്ക്ക് പരിശീലനങ്ങൾനൽകാം.

രീതി: ഫീല്ഡ്വിസിറ്റ്, പ്രസൻറേഷൻ

ഫീൽഡ്വിസിറ്റുകളും, സക്സസ്ഫുൾകേസ്സ്റ്റഡികളും ആണ് ഏറ്റവും നല്ലത്.

ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പ്രാഥമികമായി ശേഖരിക്കുന്നതിനുള്ള വാർഡ്തലത്തിലെ സംഭരണശാലകളാണ് **മിനി എംസിഎഫ് കൾ.**

മിനി എംസിഎഫുകൾ എല്ലാസ്ഥലങ്ങളിലും നിലവിലില്ല. ഹരിതകർമ്മസേന ക്ലസ്റ്ററുകൾആയി പ്രവർത്തിക്കുന്ന സ്ഥലങ്ങളിലും വലിയ എംസിഎഫുകൾ ഉള്ളസ്ഥലങ്ങളിലും അജൈവമാലിന്യങ്ങൾ നേരിട്ട്തന്നെ എംസിഎഫുകളിലേക്ക് ആണ് എത്തുന്നത്.

എംസിഎഫ്ലേക്ക് വരുന്ന അജൈവമാലിന്യങ്ങൾ പുനചക്രമയോഗ്യമായതും അല്ലാത്തതുമായി തരംതിരിക്കപ്പെടുന്നു. ഹരിതകർമ്മസേനയ്ക്ക് കൂടുതൽ വിലകിട്ടുന്ന രീതിയിൽ പുന. ചക്രമണയോഗ്യമായ മാലിന്യങ്ങളെ വ്യത്യസ്തമായി തരംതിരിക്കാം.

പുന. ചക്രമണയോഗ്യമായ വസ്തുക്കളെ തരംതിരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ–എംസിഎഫിന്റെ സ്ഥലപരിമിതി, അംഗസംഖ്യ എന്നിവ അനുസരിച്ച് തരംതിരിക്കൽ തീരുമാനിക്കാവുന്നതാണ്. വളരെ കുറഞ്ഞ സ്ഥലവും അംഗപരിമിതിയും ഉള്ള സ്ഥലങ്ങളിൽ പ്ലാസ്റ്റിക്മിക്സ്കൾ ആയുംമെറ്റലുകൾ ആയും ഗ്ലാസ്സുകളായും, പേപ്പർഹാർഡ്ബോർഡ് എന്നിങ്ങനെ സഗ്രിഗേഷൻചെയ്യുന്നത് എംസിഎ ഫിലെത്തുന്ന മാലിന്യങ്ങൾ പെട്ടെന്ന്തന്നെ തരംതിരിച്ച് പുറത്തേക്ക് എത്തിക്കുന്നതിനും ഇതുവഴി എംസിഎഫിൽ മാലിന്യങ്ങൾ കൂടിക്കിടക്കുന്നത്തടയുന്നതിനും സഹായകമാകാം. കുറഞ്ഞ സമയത്ത് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിന് ഇത് സഹായിക്കും. കൃത്യമായ വില ഇവക്ക്കണ്ടെത്താൻ സാധിക്കണം എന്ന് മാത്രം.

എംസിഎഫുകളിൽ നിന്നും രണ്ടാംഘട്ട തരംതിരിക്കുന്ന ശേഷം ഇനം തിരിച്ച് മെറ്റീരിയലുകൾ **ആർ ആർ എഫ്** കളിൽ എത്തിക്കുകയും ഇവിടെവെച്ച് വീണ്ടും തരംതിരിക്കുകയും ചെയ്യാവുന്നതാണ്. ആർ ആർ എത്തിയ പുനർ ചക്രമയോഗ്യമായ വസ്തുക്കളെ ബെയിൽ ചെയ്ത സൂക്ഷിക്കുന്നതിലൂടെ ഈ പുനരുപയോഗ സാധ്യമായ പാഴ്വസ്തുക്കൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതാണ്. പുണരുപയോഗ സാധ്യമല്ലാത്ത ചെരുപ്പ് ബാഗ്, തുണി മറ്റ് കണ്ടാമിനേറ്റഡ് പ്ലാസ്റ്റിക്കുകൾ എന്നിവയെ ബെയിൽ ചെയ്ത് സിമന്റ് ഫാക്ടറികളിലേക്ക് കയറ്റി അയക്കാവുന്നതാണ്.

MCF(Meterial Collection Facility Center) ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഫീല്ഡ്വിസിറ്റ്, പ്രസന്റേഷൻ

ഒരു എംസിഎഫിൽ അത്യാവശ്യമായി വേണ്ട സൗകര്യങ്ങളെയും, ഉപകരണങ്ങളെയും, എംസിഎഫിന്റെ സാങ്കേതിക സവിശേഷതകൾ എന്നിവ പരിചയപ്പെടുത്തി കൊടുക്കൽ.

ഇതിനായി ഒരു മോഡൽ എം സി എഫ് തിരഞ്ഞെടുക്കാവുന്നതാണ്.

ഹരിത കർമ്മ സേനയുടെ ജോലി എളുപ്പമാക്കുന്നതിനും, വരുമാനമാർഗ്ഗം ഉറപ്പുവരുത്തുന്നതിനുമുള്ള ഉപകരണങ്ങൾ യന്ത്ര സാമഗ്രികൾ പരിചയപെടുത്തൽ.

രീതി:-വീഡിയോ, ഫീൽഡ് വിസിറ്റ്, പ്രസന്റേഷൻ

ഹരിത കർമ്മ സേനയുടെ തരംതിരിക്കൽ ജോലി എളുപ്പമാക്കുന്നതിന് വേണ്ടി ഏറ്റവും അടിസ്ഥാനമായ സൗകര്യങ്ങളിൽ ഒന്നാണ് സോർട്ടിംഗ് ടേബിൾ. സർട്ടിങ് ടേബിൾ ഉപയോഗം കൂടുതൽ മാലിന്യങ്ങൾ തരംതിരിക്കുന്നതിനായി ഹരിത കർമ്മ സേനയെ സഹായിക്കുന്നു. നിലത്തിരുന്ന് തരംതിരിക്കുന്നതിന്റെ ആരോഗ്യപ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഇത് സഹായിക്കുന്നു.

തരംതിരിച്ച മാലിന്യങ്ങൾ സോർട്ടിംഗ് ടേബിളിൽ നിന്ന് നീക്കം ചെയ്യുന്നതിന് വേണ്ടി ഹരിത കർമ്മ സേനയ്ക്ക് **ബാസ്കറ്റുകൾ** ആവശ്യമാണ്. ഹരിത കർമ്മ സേന നിൽക്കുന്നതിന്റെ പുറകുവശത്തായി ഈ ബാസ്ക്കറ്റുകൾ വയ്ക്കുകയും തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ഈ ബാസ്കറ്റുകളിലേക്ക് മാറ്റാവുന്നതും ആണ്. എത്ര ഐറ്റം ആയി ആണ് തരംതിരിക്കുന്നത് എന്നതിനനുസരിച്ച് ബാസ്കറ്റുകളും നൽകാവുന്നതാണ്. തരംതിരിച്ച് മാലിന്യങ്ങൾ ഈ ബാസ്ക്കറ്റുകളിൽ നിന്ന് ചാക്കുകളിലേക്ക് മാറ്റാവുന്നതോ നേരിട്ട് പെയിന്റിംഗ് മെഷീനിലേക്ക് നൽകാവുന്നതോ ആണ്.

ഹാർഡ് പ്ലാസ്റ്റിക്കുകൾ, മെറ്റലുകൾ എന്നിവ ചാക്കുകളിൽ ശേഖരിച്ച വയ്ക്കുകയും തുടർന്ന് പുനചക്രമത്തിനായി അയയ്ക്കുകയും ആണ് ചെയ്യുന്നത്. തരംതിരിക്കുമ്പോൾ ലഭിക്കുന്ന മൈനസ് വാല്യൂ ഉൽപ്പന്നങ്ങളായ ചെരുപ്പ് ബാഗ് മരുന്ന് സ്ട്രിപ്പുകൾ തെർമോക്കോൾ മറ്റു റിജക്റ്റ് വസ്തുക്കൾ എന്നിവ ബെയിൽ ചെയ്ത സൂക്ഷിക്കാവുന്നതാണ്.

ഹരിത കർമ്മ സേനയ്ക്ക് മാലിന്യങ്ങൾ കൂടുതൽ വേഗതയിൽ തരംതിരിക്കുന്നതിനായി ഉപയോഗിക്കുന്ന യന്ത്ര സാമഗ്രിയാണ് **കൺവെയർ ബെൽറ്റ്**. കൺവെയർ ബെൽറ്റിലേക്ക് തട്ടുന്ന മാലിന്യങ്ങൾ കൺവെയർ ബെൽട്ടിലൂടെ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ഹരിത കർമ്മ സേനയ്ക്ക് ഇരുവശങ്ങളിലും നിന്ന് ഈ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാവുന്നതാണ്. ഈ മെഷീൻ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഹരിത കർമ്മ സേനയ്ക്ക് പറഞ്ഞു കൊടുക്കേണ്ടതാണ്.

ഹരിത കർമ്മ സേന ശേഖരിച്ച് തരംതിരിച്ച വസ്തുക്കൾ **ബെയിൽ** ചെയ്ത് സൂക്ഷിക്കുന്നത് വഴി കുറഞ്ഞ സ്ഥലത്ത് കൂടുതൽ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് സഹായകരമാകുകയും റീസൈക്കിൾ മാലിന്യങ്ങൾ ചെയ്ത ബെയിൽ കൊടുക്കുമ്പോൾ കൂടുതൽ സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യാൻ സാധിക്കുകയും ചെയ്യുന്നതിനാൽ ഇത് ഹരിത കർമ്മ സേനയ്ക്ക് കൂടുതൽ വില ലഭിക്കുന്നതിനും സഹായകരമാകുന്നു.

പുനരുപയോഗ സാധ്യമല്ലാത്ത പ്ലാസ്റ്റിക് ഫിലിംസും മറ്റും ഷ്രഡു ചെയ്തുസൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളാണ് ഷെഡ്ഡിങ് മെഷീനുകൾ. ഈ **ഷഡ്ഡിംഗ് മെഷിൻ** ഉപയോഗിച്ച് ചെയ്യുന്ന പ്ലാസ്റ്റിക്കുകൾ റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ് ഇതിന്റെ വില്പന വഴി ഹരിത കർമ്മ സേനയ്ക്ക് വരുമാനം ഉൽപ്പാദിപ്പിക്കാവുന്നതുമാണ്.

യന്ത്ര സാമഗ്രികൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട **ബേസിക് സേഫ്റ്റി കാര്യങ്ങൾ മെഷിൻ ഉപയോഗിക്കുമ്പോൾ ഹരിത കർമ്മ സേനയ്ക്ക് പറഞ്ഞു കൊടുക്കേണ്ടതാണ്.** മിഷൻ ഉപയോഗിക്കുമ്പോൾ അത്യാവശ്യമായ ആരോഗ്യ സുരക്ഷാ ഉപകരണങ്ങൾ ഹരിതകർമ്മ സേനയ്ക്ക് പരിചയപ്പെടുത്തുകയും

ചെയ്യേണ്ടതാണ്.

രീതി: പ്രസൻറേഷൻ, ഗ്രൂപ് ആക്ടിവിറ്റി

ഹരിത കർമ്മസേന എംസിഎഫിൽ വരുന്ന അജൈവമാലിന്യങ്ങളുടെയും എംസിഎഫിൽ നിന്ന് പോകുന്ന അജൈവ മാലിന്യങ്ങളുടെയും കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. എംസിഎഫിൽ നിന്ന് പോകുന്ന അജൈവമാലിന്യങ്ങൾ പുനഃചക്രമയോഗ്യമായവക്കും റിജെക്ടഡ് മാലിന്യങ്ങൾക്കും പ്രത്യേകം റെക്കോർഡുകൾ സൂക്ഷിക്കേണ്ടതാണ്. ഈ റെക്കോർഡുകൾ ഓരോ മാസവും പരിശോധിക്കുന്നത് വഴി ഒരു മാസം എംസിഎഫിൽ വന്ന മാലിന്യത്തിന്റെ എത്ര ശതമാനം ഹരിത കർമ്മ സേന സക്രിഗേറ്റ് ചെയ്തു എന്ന് പഠിക്കുന്നതിനും ഹരിത കർമ്മ സേനയുടെ സഗ്രിഗേഷൻ എഫീഷ്യൻസി വർദ്ധിപ്പിക്കുന്നതിനും സഹായകരമാവുകയും മറ്റ് ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ഉപകാരപ്പെടുകയും ചെയ്യും.

ആരോഗ്യ സുരക്ഷാ ഉപകരണങ്ങൾ/ഫയർസേഫ്റ്റി ഉപകരണങ്ങൾ

രീതി: വീഡിയോ, ഫീൽഡ് വിസിറ്റ്, പ്രസന്റേഷൻ

ഹരിത കർമ്മ സേനയുടെ ആരോഗ്യ സംരക്ഷണത്തിനായി വിവിധതരം ആരോഗ്യ സുരക്ഷാ ഉപകരണങ്ങൾ എംസിഎഫിൽ ഉപയോഗിക്കേണ്ടതാണ്. ഇവയേതെല്ലാം ആണെന്നും എന്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത് എന്നും ഹരിത സേനയെ പരിചയപ്പെടുത്തുകയും. ഇവ ഉപയോഗിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നത് ആണ് പ്രവർത്തന ലക്ഷ്യം.

സുരക്ഷാ തൊപ്പികൾ/ ഹെൽമെറ്റുകൾ

- എംസിഎഫിൽ പ്രവർത്തിക്കുമ്പോൾ ഭാരമേറിയ വസ്തുക്കൾ തലയിൽ വീഴുമ്പോൾ നമ്മുടെ തലയെ സംരക്ഷിക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങളാണ് സേഫ്റ്റി ഹെൽമറ്റുകൾ അല്ലെങ്കിൽ സേഫ്റ്റി ഹാറ്റുകൾ.
- ബയിലിങ് മെഷിൻ പോലെയുള്ള ഉപകരണങ്ങളുടെ അടുത്ത് വർക്ക് ചെയ്യുമ്പോൾ സേഫ്റ്റി ഹെൽമറ്റ് ധരിക്കേണ്ടത് വളരെ പ്രാധാന്യമേറിയ കാര്യമാണ്.

ചെവി സംരക്ഷണം ഉപകരണങ്ങൾ

- എംസിഎഫുകളിലെ ട്രഡിങ് ബെയിലിംഗ് മെഷീനുകൾ കൺവെയർ ബെൽറ്റുകൾ എന്നിവയുടെ ശബ്ദത്തിൽ നിന്ന് നമ്മളെ ചെവിയെ സംരക്ഷിക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങളാണ് ഇയർ പ്ലഗ്ഗുകൾ.

റെസ്പിറേറ്ററുകളും പൊടി മാസ്കുകളും

- ജീവനക്കാരുടെ ആരോഗ്യത്തിന് ഭീഷണിയായേക്കാവുന്ന ഹാനികരമായ പദാർത്ഥങ്ങൾ ശ്വസിക്കുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുക

സുരക്ഷാ പാദരക്ഷകൾ

- മൂർച്ചയുള്ളവസ്തുക്കൾതുളച്ചുകയറുന്നതിന്റെഫലമായോ, ഭാരമേറിയ വസ്തുക്കൾ വീഴുന്നതിന്റെ ഫലമായോ കാലിന് പരിക്കേൽക്കുന്നതിൽ നിന്ന് സുരക്ഷാ പാദരക്ഷകൾ ജീവനക്കാരെ സംരക്ഷിക്കുന്നു.
- ജലജന്യ രോഗങ്ങളുണ്ടാക്കുന്ന രോഗാണുക്കളിൽ നിന്ന് ജീവനക്കാരനെ സംരക്ഷിക്കുകയും ചെയ്യുന്നു.
- ജീവനക്കാരന്റെ പാദങ്ങളുടെ സുരക്ഷ വർധിപ്പിക്കുന്നതിന് അവർക്ക് ഉറപ്പിച്ച സോളുകളും ടോ ക്യാപ്പുകളും ഉണ്ടായിരിക്കണം.
- ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് റബ്ബർ

ബൂട്ടുകൾ മുൻഗണന നൽകുന്നു. ഈ പ്രവർത്തനങ്ങളിൽ നിലനിൽക്കുന്ന ഈർപ്പമുള്ള അവസ്ഥയാണ് ഇതിന് കാരണം.

- അവ ഉൾപ്പെട്ടിരിക്കുന്ന ചുമതലയെയും അപകടസാധ്യതകളെയും ആശ്രയിച്ച് വിവിധ തരങ്ങളിലും ഡിസൈനുകളിലും വരുന്നു.

സുരക്ഷാ നേത്ര സംരക്ഷണം

- കാഴ്ചശക്തി നഷ്ടപ്പെടുത്തുന്ന മൂർച്ചയുള്ള വസ്തുക്കളിൽ നിന്ന് കണ്ണുകളെ സംരക്ഷിക്കുന്നു.
- മാലിന്യത്തിൽ കലർന്നേക്കാവുന്ന ദോഷകരമായ രാസവസ്തുക്കളിൽ നിന്ന് കണ്ണുകളെ സംരക്ഷിക്കുന്നു.
- ദോഷകരമായ അൾട്രാവയലറ്റ് രശ്മികളിൽനിന്ന്കണ്ണുകളെസംരക്ഷിക്കുക.
- വ്യത്യസ്തജോലികൾക്കുംഉൾപ്പെട്ടിരിക്കുന്നസുരക്ഷാഅപകടസാധ്യതകൾക്കുംഇണങ്ങുന്നതരത്തിൽവിവിധരൂപങ്ങളിലുംതരങ്ങളിലുംഡിസൈനുകളിലുംഗ്ലാസ്സുകൾ ലഭ്യമാണ്. നിങ്ങളുടെജോലിക്ക് അനുയോജ്യമായതും നിങ്ങളുടെ സുരക്ഷ ഉറപ്പുനൽകുന്നതുമായ ഒന്ന് തിരഞ്ഞെടുക്കുക

സുരക്ഷാ കയ്യുറകൾ

- ഖരമാലിന്യസംസ്കരണപ്രവർത്തനങ്ങളിൽ, കൈയ്ക്ക് പരിക്കേൽക്കുന്നതിൽ നിന്നും രോഗങ്ങൾക്ക് കാരണമാകുന്ന രോഗാണുക്കളിൽ നിന്നും ജീവനക്കാരനെ സംരക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഹാൻഡ് ഗ്ലൗസ് പ്രധാനമാണ്.
- ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ലാറ്റക്സ് അല്ലെങ്കിൽ റബ്ബർ കയ്യുറകൾ അനുയോജ്യമാണ്. എന്നിരുന്നാലും, ലോഹമാലിന്യം, ഗ്ലാസ് തുടങ്ങിയ മൂർച്ചയുള്ള വസ്തുക്കളും, തുടങ്ങിയവ കൈകാര്യം ചെയ്യുമ്പോൾ തുകൽ കയ്യുറകൾ ഉപയോഗിക്കേണ്ടതാണ്.

അഗ്നിശമനോപകരണങ്ങൾ അല്ലെങ്കിൽ അഗ്നിശമനനികളുടെ വിവിധ ടൈപ്പുകൾ ഇവയുടെ ഉപയോഗം എന്നിവ സ്ലൈഡിൽനൽകിയിട്ടുണ്ട്. ഇവ ഒരു അഗ്നിശമന ഉപകരണത്തിന്റെ സഹായത്തോടു കൂടെ ഹരിത കർമ്മ സേനയ്ക്ക് പറഞ്ഞു കൊടുക്കാവുന്നതാണ്.

ശേഖരിച്ച മാലിന്യങ്ങളുടെ വിൽപനയും സംവിധാനങ്ങളും

രീതി:-ഫീല്ഡ്വിസിറ്റ്, പ്രസൻറേഷൻ

ഹരിത കർമ്മ സേന ശേഖരിച്ച് തരംതിരിച്ച മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി നൽകിയ വിലക്ക് ക്ലീൻ കേരള കമ്പനിക്കു നാൽകാവുന്നതും അതിൽ കൂടുതൽ വില ലഭിക്കുകയാണെങ്കിൽ മറ്റ് സ്വകാര്യ ഏജൻസികൾക്ക് നൽകാവുന്നതാണ്.

തരം തിരിക്കുന്നതിനുള്ള സ്ഥലം, അംഗങ്ങളുടെ എണ്ണം എന്നിവ ഹരിത കർമ്മ സേനയുടെ തരംതിരിവിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. കുറഞ്ഞ സ്ഥലവും അംഗസംഖ്യയും ഉള്ള ഹരിത കർമ്മ സേനകൾക്ക് അജൈവമാലിന്യങ്ങൾ ഒരുപാട് തരം തിരിക്കാതെ ബേസിക് തരം തിരിവ് നടത്തി (പ്ലാസ്റ്റിക് കവർ മിക്സ്, ഇ വേസ്റ്റ്, ഗ്ലാസ്സ്, പേപ്പർ, കാർഡ് ബോർഡ്, ഹാർഡ് പ്ലാസ്റ്റിക്, ബോട്ടിൽ മിക്സ്) വില്പന നടത്താവുന്നതാണ്.

ഇതിന്റെ സാധ്യത പഠനത്തിനായി ഹരിത കർമ്മ സേനയെ രണ്ട് ഗ്രൂപ്പുകളാക്കി തുല്യമായ അളവിൽ അജൈവ മാലിന്യം നൽകി വ്യത്യസ്ത രീതിയിൽ തരംതിരിപ്പിക്കാവുന്നതും ഇതിനെ വിലയിരുത്തി തരംതിരിക്കേണ്ട രീതി തിരഞ്ഞെടുക്കാവുന്നതുമാണ്.

എംസിഎഫിൽ വരുന്ന മാലിന്യങ്ങൾ കെട്ടിക്കിടക്കാതെ ഓരോ മാസവും ശേഖരിക്കുന്ന മാലിന്യങ്ങൾക്ക് അനുസൃതമായി തരംതിരിച് പുനഃചക്രമയോഗ്യമായതും അല്ലാത്തതുമായ വസ്തുക്കൾ പുറത്തുപോകുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും ഹരിത കർമ്മ സേനയുടെ ഉത്തരവാദിത്വമാണ്.

ജൈവമാലിന്യ സംസ്കരണം, ഉപാധികൾ

സെഷൻ-8

1. വിഷയം : ജൈവമാലിന്യ സംസ്കരണം, ഉപാധികൾ
2. ലക്ഷ്യങ്ങൾ : ജൈവമാലിന്യ സംസ്കരണം അറിവ് നൽകുക
3. സമയം : 25 മിനിറ്റ്

നം.	വിഷയം	സമയം (മിനിറ്റ്)	രീതി	ഉപാധി
1	ജൈവമാലിന്യം എന്ത്? തരം ഭക്ഷ്യാധിഷ്ഠിതം മറ്റുള്ളവ	2	പി പി ടി/ഡിസ്കഷൻ	പി പി ടി
2	ജൈവമാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രം എയ്റോബിക് പ്രാണികൾ, മണ്ണിരകൾ, സൂക്ഷ്മ ജീവികൾ അനെയ്രോബിക് -സൂക്ഷ്മാണുക്കൾ	3	പി പി ടി/ക്ലാസ്	പി പി ടി
3	സൂക്ഷ്മാണുക്കൾ ബാക്ടീരിയ ആക്ടിനോ മൈസെറ്റസ് ഫംഗസ് ഇനോക്കുലം – മൈക്രോബിയൽ കൺസോർഷ്യം ശാസ്ത്രം, പ്രാധാന്യം	3	പി പി ടി/ക്ലാസ്	പി പി ടി
4				
5	ജൈവ മാലിന്യ സംസ്കരണ ഉപാധികൾ - ഗാർഹികം ബയോഗ്യാസ് കമ്പോസ്റ്റ്	2	പി പി ടി/ക്ലാസ്	പി പി ടി
6	ജൈവ മാലിന്യ സംസ്കരണ ഉപാധികൾ - സാമൂഹികം ബയോഗ്യാസ് കമ്പോസ്റ്റ്	2	പി പി ടി/ക്ലാസ്	പി പി ടി
7	ഗാർഹികജൈവ മാലിന്യ സാങ്കേതിക വിദ്യകൾ	5	ഫീൽഡ് സന്ദർശനം/ ഡെമോ	ഫീൽഡ്
8	സാമൂഹിക ജൈവ മാലിന്യ സാങ്കേതിക വിദ്യകൾ	5	ഫീൽഡ് സന്ദർശനം/ ഡെമോ	ഫീൽഡ്
9	പൊതു ചർച്ച	5		

മാലിന്യം

ആവശ്യമില്ലാത്തതായി പരിഗണിച്ച് വലിച്ചെറിയുന്നതോഉപേക്ഷിക്കുന്നതോ പുറം തള്ളുന്നതോ ആയ ഖര/ദ്രവ/വാതക രൂപത്തിലുള്ളപാഴ്വസ്തുക്കളും അവശിഷ്ടങ്ങളും വിസർജ്യങ്ങളുമാണ് മാലിന്യങ്ങൾ.

മാലിന്യത്തെ നമുക്ക് പ്രധാനമായി ഖരമാലിന്യം, ദ്രവമാലിന്യം, ഇ-മാലിന്യം, അപകടകരമായ മാലിന്യം, ബയോ മെഡിക്കൽ മാലിന്യംഎന്നിങ്ങനെ തരം തിരിക്കാം.

Slide 3

ഇതിൽ ഖരമാലിന്യം എന്നതിൽ ജൈവ മാലിന്യങ്ങളും (അഴുകുന്നവ) അജൈവ മാലിന്യങ്ങളും (അഴുകാത്ത പ്ലാസ്റ്റിക്, ലെതർ ചില്ല് തുടങ്ങിയവ) ഉൾപ്പെടുന്നു.

ജൈവ മാലിന്യംഉറവിടത്തിലും, സാമൂഹ്യാധിഷ്ഠിത വികേന്ദ്രീകൃത രീതിയിലും സംസ്കരിക്കുന്നതിന്

ഊന്നൽ നൽകുന്നു.

ജൈവമാലിന്യ ഉറവിടങ്ങൾ

- ഭക്ഷ്യാവശിഷ്ടങ്ങൾ
- മറ്റു ജൈവാവശിഷ്ടങ്ങൾ (ചവറുകൾ, പേപ്പർ, തുടങ്ങിയവ)–ചെറു ചെടികൾ, ഇലകൾ, തുത്തുകളുന്ന കരിയിലകൾ മുതലായവ ചേർന്നതാണ് ജൈവാവശിഷ്ടങ്ങൾ

ജൈവമാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രം

ഏറോബിക് സംസ്കരണ രീതി

ഓക്സിജന്റെ സാന്നിധ്യത്തിലാണ് എയറോബിക് കമ്പോസ്റ്റിംഗ് നടക്കുന്നത്. ഈ പ്രക്രിയയിൽ, എയറോബിക് (ഓക്സിജന്റെ സാന്നിധ്യത്തിൽ പ്രവർത്തിക്കുന്ന) സൂക്ഷ്മാണുക്കൾ ജൈവവസ്തുക്കളെ വിഘടിപ്പിക്കുകയും കാർബൺ ഡൈ ഓക്സൈഡ് (CO2), അമോണിയ, വെള്ളം, ചൂട്, ഹ്യൂമസ് എന്നിവ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു.

- ചെറുപ്രാണികൾ
- മണ്ണിര
- സൂക്ഷ്മാണുക്കൾ

മുതലായവ ജൈവമാലിന്യങ്ങളുടെ വലിപ്പം കുറക്കാൻ സഹായിക്കുന്നു.

അനേറോബിക് സംസ്കരണ രീതി

ഓക്സിജൻ രഹിത സാഹചര്യത്തിൽ ജൈവ പദാർത്ഥങ്ങളെ രൂപാന്തരപ്പെടുത്തുന്ന ഒരു ജൈവ പ്രക്രിയയാണ് അനേറോബിക് ഡിഗ്രഡേഷൻ. ഇത് വഴി ബയോഗ്യാസ് ഉത്പാദിപ്പിക്കപ്പെടുന്നു.

സൂക്ഷ്മാണുക്കൾ – പ്രാധാന്യം

സൂക്ഷ്മാണുക്കളുടെ ദഹനരസങ്ങളുടെ പ്രവർത്തനംമൂലം വിഘടിപ്പിക്കപ്പെടുന്ന ജൈവ പദാർത്ഥങ്ങൾ സൂക്ഷ്മാണുക്കൾക്ക് ആവശ്യമുള്ളത് എടുത്ത ശേഷം ഒടുവിൽ ജൈവ പിണ്ഡമായി മാറുന്നു. ജൈവ വസ്തുക്കൾ കാർബൺഡൈഓക്സൈഡും ജലവും നൈട്രജനും ആയി വിഘടിപ്പിക്കുന്നതിന് അനുവദിക്കാതെ സസ്യങ്ങൾക്ക് പ്രയോജനപ്പെടാനാണ് ജൈവവള ഉത്പാദന ഘട്ടത്തിൽ അവയെ നിയന്ത്രിതമായ സൂക്ഷ്മാണു പ്രവർത്തനത്തിലൂടെ വളമാക്കി മാറ്റുന്നത്. വിഘടനത്തിന്റെ മറ്റൊരു ഉല്പന്നമാണ് ജൈവവാതകം.

- ബാക്ടീരിയ
- ആക്റ്റിനോമൈസറ്റസ്
- ഫംഗസ്

എന്നിവയാണ് പ്രധാന സൂക്ഷ്മാണുക്കൾ

ഇനോക്കുലം (മൈക്രോബിയൽ കൺസോർഷ്യം)

ഭക്ഷ്യാവശിഷ്ടങ്ങൾ കമ്പോസ്റ്റുചെയ്യുമ്പോൾ ജൈവവസ്തുക്കളുടെ അപചയത്തിനിടയിൽ കമ്പോസ്റ്റിംഗ് പ്രവർത്തനം ത്വരിതപ്പെടുത്തുന്ന സൂക്ഷ്മാണുക്കൾ അടങ്ങിയ പ്രത്യേക കൂട്ടാണ് ഇനോക്കുലം {മൈക്രോബയൽ കൺസോർഷ്യം). നിയന്ത്രിതമായ സൂക്ഷ്മാണുപ്രവർത്തനത്തിലൂടെപോഷക മൂല്യമുള്ള കമ്പോസ്റ്റു ഉത്പാദിപ്പിക്കാൻ ഇത് ആവശ്യമാണ്. ബാക്ടീരിയ, ആക്റ്റിനോമൈസറ്റസ്, ഫംഗസ്എന്നിവയെ അവയുടെ പ്രവർത്തന ക്ഷമത കണക്കിലെടുത്ത് ഇനോക്കുലം തയ്യാറാക്കുന്നു.

ജൈവമാലിന്യ പരിപാലന രീതികൾ

ഉറവിട മാലിന്യ സംസ്കരണം

ബയോഗ്യാസ് - കമ്പോസ്റ്റ് രീതികൾ

ബയോഗ്യാസ് (ശാസ്ത്രവും, പ്രക്രിയയും)

ഓക്സിജന്റെ അസാന്നിധ്യത്തിലെ സൂക്ഷ്മാണു (ബയോമെഥനേഷൻ) പ്രവർത്തനങ്ങളിലൂടെ, ജൈവ പാഴ്വസ്തുക്കളെ വിഘടിപ്പിച്ച് ജൈവവാതകംഉല്പാദിപ്പിക്കുവാനും കഴിയും. ഇവയാണ് ബയോഗ്യാസ് പ്ലാന്റുകൾ

കമ്പോസ്റ്റിംഗ് (ശാസ്ത്രവും, പ്രക്രിയയും)

